2026 JULY 26

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122




## യുദ്ധം ഒന്നിനും ഒരു പരിഹാരമല്ലെന്നു ശ്രേഷ്ഠ കാതോലിക്ക മോർ ബസ്സേലിയോസ് ജോസഫ് ബാവ



## കൽഹാരി റിസോർട്ടിൽ സ്വപ്നങ്ങൾക്ക് നിറം പകരാൻ ഒരുങ്ങി ജോയി ചാക്കപ്പനും സംഘവും

# യുദ്ധം ഒന്നിനും ഒരു പരിഹാരമല്ലെന്നു ശ്രേഷ്ഠ കാതോലിക്ക മാർ ബസ്സേലിയോസ് ജോസഫ് ബാവ

ന്യൂജേഴ്സി: യുദ്ധം ഒന്നിനും ഒരു പരിഹാരമല്ലെന്നും ഇപ്പോഴത്തെ യുദ്ധം കൂടുതൽ കെടുതികൾ ഉണ്ടാക്കും മുൻപ് എത്രയും വേഗം അവസാനിക്കട്ടെയെന്നു പ്രാർഥിക്കുന്നതായും യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ ശ്രേഷ്ഠ കാതോലിക്കയും, മലങ്കര മെത്രാപ്പോലീത്തയുമായ ആബൂൺ മോർ ബസ്സേലിയോസ് ജോസഫ് ബാവ പറഞ്ഞു.

അമേരിക്കൻ മലങ്കര അതിഭദ്രാസന 37-ാമത് യൂത്ത് ആന്റ് ഫാമിലി കോൺഫറൻസിൽ പങ്കെടുക്കാൻ എത്തിയ ശ്രേഷ്ഠ ബാവക്ക് ന്യു യോർക്കിലെ പൊമോണയിൽ അതിരൂപത ഒരുക്കിയ സ്വീകരണത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അതിഭദ്രാസന മെത്രാപ്പോലീത്തായും, പാത്രിയർക്കൽ വികാരിയുമായ അഭിവന്ദ്യ യൽദോ മോർ തീത്തോസ് തിരുമേനിയുടെ ജന്മദിന ആഘോഷവുമായി ചടങ്ങ് മാറി.

ബാവയായി സ്ഥാനാരോഹണത്തിന് ശേഷം ആദ്യമായാണ് ശ്രേഷ്ഠ ബാവ അമേരിക്കയിൽ എത്തുന്നത്.

അമേരിക്കക്കും അമേരിക്കൻ ജനതക്കും ശ്രേഷ്ഠ ബാവ ആശംസകൾ നേർന്നു. നിങ്ങളിൽ പലരും അമേരിക്കൻ പൗരന്മാരാകാം. എങ്കിലും ഇന്ത്യൻ അമേരിക്കൻ എന്നതാണ് നിങ്ങളുടെ വിശേഷണം. ഇന്ത്യയുടെ നന്മകൾ കൈവിടരുത്.

സഭകൾ തമ്മിൽ ഭിന്നതകൾ ഉണ്ടെങ്കിലും ക്രിസ്തുവിൽ നാം ഒന്നാണ്. മറ്റു സഭകളോടും വിശ്വാസങ്ങളോടും ബഹുമാനം










കൈവിടരുത്. അപ്പോൾ മാത്രമേ നാമും ബഹുമാനിതരാകു. അതുപോലെ മറ്റു മനുഷ്യൽ നിന്ന് അകന്നു നിൽക്കരുത്. അവർ ഹിന്ദു ആയാലും മുസ്ലിം ആയാലും അകൽച്ച ശരിയല്ല.

സഭാകാര്യങ്ങളിൽ യുവജനത താല്പര്യം കാണിക്കുന്നു എന്നത് സന്തോഷകരമാണ്. നമ്മുടെ അഭിമാനകരമായ പൈതൃകം നാം കാത്ത് സൂക്ഷിക്കണം. ജർമ്മനിയിൽ വച്ച് ഒരു ലൂഥറൻ ബിഷപ്പ് പറഞ്ഞത് നമ്മുടെ ഏറ്റവും വലിയ നിധി നമ്മുടെ ലിറ്റർജി ആണെന്നാണ്. അത്തരം പല നിധികളുടെയും സമാഹാരമാണ് സഭ.

ഇല്ലാതാവുന്ന ഒരു സഭയല്ല നമ്മുടേത്. മുൻപ് ബ്രിട്ടനിൽ ഒരു സ്ഥലത്ത് ഏതാനും വിശ്വാസികൾ ആണുണ്ടായിരുന്നത്. പിന്നീടത് വളർന്നു. ഇന്നിപ്പോൾ ബ്രിട്ടനിൽ 40-50 പള്ളിയുണ്ട്.

ഇതിനു കാരണം കുടിയേറ്റമാണ്. കുടിയേറ്റം ഇന്ത്യയിലും പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. അതേസമയം വിദേശങ്ങളിൽ സഭ വളരുന്നു.

ഇവിടെയും സഭ പല പ്രതിസന്ധികളും നേരിടുന്നുണ്ട് എന്നറിയാം. അവയെല്ലാം അഭിവന്ദ്യ മെതാപോലീത്തയുടെ നേതൃത്വത്തിൽ തരണം ചെയ്യുന്നതിൽ സന്തോഷം.

നിർമ്മിത ബുദ്ധി തുടങ്ങിയ പുതിയ പ്ലാറ്റുഫോമുകളെ സഭയുടെ നന്മക്കായി ഉപയോഗിക്കണം. പുതിയ തലമുറ സഭയിൽ നിന്നും ദൈവത്തിൽ നിന്നും അകലുന്നത് അവഗണിക്കരുത്.

സെമിനാരി സ്ഥാപിക്കാനുള്ള ബിഷപ്പ് മാർ ഇഗ്നേഷ്യസ് രണ്ടാമന്റെയും എൽദോ മോർ തീത്തോസ് മെത്രാപ്പോലീത്തയുടെയും ശ്രമങ്ങളെ ബാവ അഭിനന്ദിച്ചു. അതിന്റെ ഡീൻ ഓഫ് സ്റ്റഡീസ് ആയ സജി അച്ചനെയും ബാവ അഭിനന്ദിച്ചു.

ഈ യാത്രയിൽ നമുക്ക് ഒരുമിച്ച സഞ്ചരിക്കാം. സഭയിൽ താൽക്കാകമായി സമാധാനമുണ്ട്. അത് ശാശ്വതമാകണം. അടുത്ത ആഴ്ചകൾ സഭക്ക് പ്രധാനമാണെന്ന് അദ്ദേഹം പറഞ്ഞു.

മുളന്തുരുത്തി സൂനഹദോസ് കഴിഞ്ഞിട്ട് 150 വർഷമാകുന്നു. 150-ാം വാർഷികാഘോഷം സഭയുടെ വിശ്വാസപാരമ്പര്യവും

ആത്മീയ പൈതൃകവും ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്ന സുപ്രധാന അവസരമാണെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയിലെ സഭയ്ക്കുവേണ്ടിയും പ്രത്യേകിച്ച് കേരളത്തിലെ വിശ്വാസി സമൂഹത്തിനുവേണ്ടിയും എല്ലാവരും ആത്മാർത്ഥമായി പ്രാർഥിക്കണമെന്ന് അദ്ദേഹം അഭ്യർഥിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായിരുന്നാലും വിശ്വാസത്തിലും പ്രാർഥനയിലും എല്ലാവരും ഒന്നിച്ചു നിൽക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

അമേരിക്കയിൽ മൂന്നാലു വര്ഷം സേവനനുഷ്ഠിച്ച ശേഷമാണ് താൻ ബിഷപ്പായി കേരളത്തിലേക്ക് പോകുന്നതെന്നും ബാവ അനുസ്മരിച്ചു.

അഭിവന്ദ്യ യൽദോ മോർ തീത്തോസ് തിരുമേനി അഭിവന്ദ്യ ബാവയെ സ്വാഗതം ചെയ്തു. തൊണ്ണൂറുകളിൽ അമേരിക്കയിൽ സേവനമനുഷ്ഠിക്കെയാണ് ബാവ ഡമാസ്കസിൽ പോയി ബിഷപ്പായി അഭിഷികതനാകുന്നതെന്നു അദ്ദേഹം അനുസ്മരിച്ചു. കാലം ചെയ്ത ബസെലിയോസ് തോമസ് പ്രഥമൻ ബാവക്കു ശേഷം ഇന്ത്യയിലെ സഭയെ നയിക്കുവാൻ ഏറ്റവും യോഗ്യനായ വ്യക്തിയെയാണ് ദൈവം നിയോഗിച്ചത്.

ഭദ്രാസന സെക്രട്ടറി റവ. ഫാദർ പോൾ തോട്ടക്കാട്ട് ആമുഖ പ്രസംഗം നടത്തി.

വിവിധ സഭകളിലെ ബിഷപ്പുമാർ ചടങ്ങിൽ പങ്കെടുത്തു. ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെയും, മറ്റ് ക്രൈസ്തവ സഭകളുടെയും മേലധ്യക്ഷന്മാർ, വൈദികർ, വിശ്വാസികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തത് ക്രൈസ്തവ ഐക്യത്തിന്റെയും സഭകൾ തമ്മിലുള്ള സാഹോദര്യത്തിന്റെയും മനോഹരമായ ദൃശ്യമായി.

ചടങ്ങിൽ അമേരിക്ക, യുകെ, യൂറോപ്പ് ക്നാനായ അതിഭദ്രാസനാധിപൻ ആർച്ച് ബിഷപ്പ് മോർ സിൽവാനോസ് ആയൂബ്, മലങ്കര കത്തോലിക്കാ സഭയുടെ മോർ സ്റ്റെഫാനോസ്, മോർ ഒസ്താത്തിയോസ്, മാർത്തോമ്മാ സുറിയാനി സഭയുടെ മോർ പൗലോസ്, സുറിയാനി ഓർത്തഡോക്സ് സഭയുടെ ആർച്ച് ബിഷപ്പ് മോർ ഡയോണീസിയോസ് ജോൺ, അർമേനിയൻ ഓർത്തഡോക്സ് അപ്പസ്തോലിക സഭയുടെ ബിഷപ്പ് മെസ്രോപ്, കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ ബിഷപ്പ് ഡേവിഡ്, ബിഷപ്പ് ഗബ്രിയേൽ, എറിത്രിയൻ ഓർത്തഡോക്സ് സഭയുടെ ആർച്ച് ബിഷപ്പ് അബൂനെ ഷെനൂദ, എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ ആർച്ച് ബിഷപ്പ് അബൂനെ പെട്രോസ്, എന്നിവർ സന്നിഹിതരായിരുന്നു.

ഭദ്രാസന ജോയിന്റ് ട്രഷറർ ബോബി കുര്യാക്കോസ് ആയിരുന്നു എംസി. മുഖ്യ സ്പോൺസർ സ്പെക്ട്രം ഓട്ടോയുടെ പ്രിൻസിനെ ഫലകം നൽകി ചടങ്ങിൽ ആദരിച്ചു.






















MALABAR
GOLD & DIAMONDS
NOW OPEN
IN
SANTA
CLARA
Town Centre
2046 El Camino Real,
Santa Clara, CA, 95050

# കൽഹാരി റിസോർട്ടിൽ സ്വപ്നങ്ങൾക്ക് നിറം പകരാൻ ഒരുങ്ങി ജോയി ചാക്കപ്പനും ഫൊക്കാന ഭാരവാഹികളും



മീട്ടു റഹ്മത്ത് കലാം

നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി പ്രവാസി സംഘടനയായ ഫൊക്കാനയുടെ 2026-ലെ അന്തർദേശീയ കൺവെൻഷൻ ഓഗസ്റ്റിൽ അമേരിക്കയിലെ പ്രശസ്തമായ കൽഹാരി റിസോർട്ടിൽ അരങ്ങേറുകയാണ്. പ്രസിഡന്റ് സജിമോൻ ആന്റണിയുടെ സാരഥ്യത്തിൽ ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താന്റെയും ട്രഷറർ ജോയ് ചാക്കപ്പന്റെയും പിന്തുണയോടെ പ്രവർത്തിക്കുന്ന ഭരണസമിതി, കൺവൻഷനിൽ പങ്കെടുക്കുന്ന ഏവർക്കും വേറിട്ട അനുഭവം സമ്മാനിക്കുന്നതിനുള്ള പരിശ്രമത്തിലാണ്. കുടുംബങ്ങൾക്കൊപ്പം അവധിക്കാലം ആഘോഷിക്കാനും മലയാളി പൈതൃകം പുതിയ തലമുറയിലേക്ക് കൈമാറാനും ലോകമെമ്പാടുമുള്ള മലയാളികളെ ഒരുമിപ്പിക്കാനുമുള്ള വേദിയായയാണ് ഇത്തവണത്തെ കൺവെൻഷനെ വിഭാവനം ചെയ്തിരിക്കുന്നത്. ഗിന്നസ് വേൾഡ് റെക്കോർഡ് ലക്ഷ്യമിടുന്ന മോഹിനിയാട്ടവും ചെണ്ടമേളവും, ദേശീയ - അന്തർദേശീയ വിശിഷ്ടാതിഥികളുടെ സാന്നിധ്യം, ബിസിനസ് - സാഹിത്യ - മീഡിയ സെമിനാറുകൾ, യുവജന - വനിതാ പരിപാടികൾ, ലോകോത്തര കലാവിരുന്നുകൾ, ജീവകാരുണ്യ പദ്ധതികൾ എന്നിവയിലൂടെ ചരിത്രത്തിൽ ഇടംനേടുന്ന ഒരു കൺവൻഷനാണ് സംഘാടകർ വാഗ്ദാനം ചെയ്യുന്നത്.

കൺവൻഷന്റെ സാമ്പത്തിക ആസൂത്രണം മുതൽ ജീവകാരുണ്യ പദ്ധതികൾ വരെയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഫൊക്കാന ദേശീയ




ട്രഷറർ ജോയ് ചാക്കപ്പൻ, കൺവൻഷന്റെ വിജയത്തിന് സാമ്പത്തിക അടിത്തറ പാകുന്നതിൽ നിർണായക പങ്കുവഹിക്കുന്ന നേതാവാണ്. ഇത്തവണത്തെ കൺവൻഷന്റെ ആശയവും ഒരുക്കങ്ങളും, 'ഡ്രീം' ടീമിന്റെ പദ്ധതികളുടെ സാക്ഷാത്കാരവും, പ്രമുഖ അതിഥികളുടെ പങ്കാളിത്തവും അദ്ദേഹം ഈ അഭിമുഖത്തിൽ വിശദീകരിക്കുന്നു. ഒരു കൺവൻഷൻ എന്നതിലുപരി, ലോകമെമ്പാടുമുള്ള മലയാളി കുടുംബങ്ങളുടെ മഹാസംഗമമായി കൽഹാരിയെ മാറ്റാനുള്ള ഫൊക്കാനയുടെ ദീർഘവീക്ഷണമാണ് ജോയ് ചാക്കപ്പന്റെ വാക്കുകളിൽ പ്രതിഫലിക്കുന്നത്.

**ഇത്തവണത്തെ ഫൊക്കാന കൺവൻഷന് കൽഹാരി റിസോർട്ട് വേദിയായി തിരഞ്ഞെടുത്തതിന്റെ കാരണം ?**

കൽഹാരി റിസോർട്ട് ഒരു കൺവൻഷൻ വേദി മാത്രമല്ല, വേനലവധി ആഘോഷമാക്കാൻ കുടുംബങ്ങൾ സ്വപ്നം കാണുന്ന ഒരു കേന്ദ്രം കൂടിയാണ്. പ്രകൃതിഭംഗിയും ലോകോത്തര സൗകര്യങ്ങളും കുടുംബസമേതം ആസ്വദിക്കാവുന്ന അന്തരീക്ഷവുമാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. കൺവെൻഷനിൽ പങ്കെടുക്കുന്നവർക്ക് പരിപാടികൾക്കൊപ്പം ഒരു മികച്ച ഫാമിലി വെക്കേഷനും സമ്മാനിക്കണമെന്ന ചിന്തയിലാണ് ഈ വേദി തെരഞ്ഞെടുത്തത്.മാതാപിതാക്കൾ സമ്മേളനങ്ങളിലും സെമിനാറുകളിലും പങ്കെടുക്കുമ്പോൾ കുട്ടികൾക്ക് ലോകോത്തര ഇൻഡോർ വാട്ടർ പാർക്ക്, അഡ്വഞ്ചർ ആക്ടിവിറ്റികൾ, കുടുംബ വിനോദങ്ങൾ എന്നിവ ആസ്വദിക്കാനാകും. അതുകൊണ്ടുതന്നെ ഒരു കൺവെൻഷനെന്നതിലുപരി, മുഴുവൻ കുടുംബത്തിനുമുള്ള ഒരു വേനൽക്കാല അവധിക്കാല അനുഭവമായി ഇത്തവണത്തെ ഫൊക്കാന മാറും.

**'ഡ്രീം' എന്ന ആശയമായിരുന്നു നിങ്ങളുടെ ടീമിന്റെ മുദ്രാവാക്യം. ആ സ്വപ്നം എത്രത്തോളം യാഥാർഥ്യമായി?**

ഞങ്ങളുടെ തിരഞ്ഞെടുപ്പ് സമയത്തും പിന്നീട് വിവിധ വേദികളിലും നൽകിയ എല്ലാ പ്രധാന വാഗ്ദാനങ്ങളും ഏതാണ്ട് പൂർണമായും നടപ്പാക്കാൻ കഴിഞ്ഞു. വാഗ്ദാനം ചെയ്തതിലുപരി നിരവധി പദ്ധതികളും പൂർത്തിയാക്കി. അതുകൊണ്ട് തന്നെ 'ഡ്രീം' എന്ന ആശയം ഇന്ന് യാഥാർഥ്യമായെന്ന് ആത്മവിശ്വാസത്തോടെ പറയാം. ഇനി മുന്നിലുള്ള കൺവെൻഷനും അതേ മികവോടെ വിജയിപ്പിച്ച് ചുമതല കൈമാറുകയാണ് ഞങ്ങളുടെ ലക്ഷ്യം.

**കൺവൻഷന്റെ നടത്തിപ്പിൽ എന്തെല്ലാം പ്രത്യേക ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്?**

സമയക്രമത്തിന് ഞങ്ങൾ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നു. ഉദ്ഘാടനച്ചടങ്ങുകൾ മുതൽ പ്രസംഗങ്ങൾ വരെ ഓരോ പരിപാടിക്കും കൃത്യമായ സമയം നിശ്ചയിച്ചിട്ടുണ്ട്. രാത്രി വൈകുംവരെ പരിപാടികൾ നീട്ടിക്കൊണ്ടുപോകുന്ന രീതിയല്ല ഞങ്ങളുടേത്. എല്ലാവർക്കും പരിപാടികൾ ആസ്വദിക്കാനും അടുത്ത ദിവസത്തെ സെഷനുകളിൽ ഉന്മേഷത്തോടെ പങ്കെടുക്കാനും കഴിയുന്ന രീതിയിലാണ് മുഴുവൻ ഷെഡ്യൂളും തയ്യാറാക്കിയിരിക്കുന്നത്.

**ഇത്തവണത്തെ വിശിഷ്ടാതിഥികളെക്കുറിച്ച് പറയാമോ?**

ഇന്ത്യയുടെ ഉപരാഷ്ട്രപതിയെ ക്ഷണിച്ചിട്ടുണ്ട്. അന്താരാഷ്ട്ര സാഹചര്യങ്ങൾ പോലുള്ള നമ്മുടെ നിയന്ത്രണത്തിന് പുറത്തുള്ള കാര്യങ്ങൾ ഒഴികെ അദ്ദേഹത്തിന്റെ സാന്നിധ്യം പ്രതീക്ഷിക്കുന്നു. കേരള മുഖ്യമന്ത്രി, കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, ജനപ്രതിനിധികൾ, സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവരെയും ക്ഷണിച്ചിട്ടുണ്ട്. ഈ വർഷം കലാപരമായും സാംസ്കാരികമായും ഏറ്റവും സമ്പന്നമായ കൺവെൻഷനാണ് ഒരുക്കുന്നത്. മലയാളത്തിന്റെ പ്രിയനടി നവ്യ നായർ കൺവെൻഷന്റെ ഭാഗമാകും. സംവിധായകനും നടനുമായ നാദിർഷയും സംഘവും എത്തുന്ന കലാവിരുന്നും ഉണ്ടായിരിക്കും. അതോടൊപ്പം പ്രശസ്ത മജീഷ്യൻ ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിലുള്ള ഫ്യൂഷൻ ഷോയും 101 കലാകാരന്മാർ അണിനിരക്കുന്ന ഉദ്ഘാടന നൃത്താവിഷ്കാരവും ആദ്യ ദിനത്തിന്റെ പ്രധാന ആകർഷണങ്ങളായിരിക്കും. രണ്ടാം ദിവസം 'അമേരിക്ക ഗോട്ട് ടാലന്റ്' എന്ന പേരിൽ നോർത്ത് അമേരിക്കയിലെ മലയാളി കലാപ്രതിഭകളെ ഒരേ വേദിയിൽ അവതരിപ്പിക്കുന്ന പുതുമയാർന്ന പരിപാടിയും സംഘടിപ്പിക്കുന്നു.

അമേരിക്കയിലെ രാഷ്ട്രീയ-സാമൂഹിക രംഗത്തെ പ്രമുഖരും കോൺഗ്രസംഗങ്ങളും ഗവർണർ അടക്കമുള്ള വിശിഷ്ട വ്യക്തിത്വങ്ങളും പങ്കെടുക്കുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്.

**ഒന്നിലധികം പത്മപുരസ്കാര ജേതാക്കൾ ഒരേ വേദിയിൽ എത്തുമെന്ന പ്രഖ്യാപനം വലിയ ശ്രദ്ധ നേടിയല്ലോ?**

അതെ. ഫൊക്കാനയുടെ ചരിത്രത്തിൽ തന്നെ അപൂർവമായ ഒരു മുഹൂർത്തമായിരിക്കും അത്. പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി, പത്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ എന്നിവർ ഒരേ വേദിയിൽ എത്തുന്നത് കൺവെൻഷന്റെ മാറ്റുകൂട്ടും. മലയാളി സമൂഹത്തിന് അഭിമാനിക്കാവുന്ന നിമിഷമായിരിക്കും അത്.

**യുവതലമുറയുടെ സാന്നിധ്യത്തെ എങ്ങനെ കാണുന്നു?**

അമേരിക്കയിൽ ജനിച്ചു വളരുന്ന രണ്ടാം തലമുറ മലയാളി യുവാക്കളെ സംഘടനയോട് കൂടുതൽ അടുപ്പിക്കുകയെന്നത് പ്രധാന ലക്ഷ്യങ്ങളിലൊന്നുതന്നെയാണ്. അതിനായി ലീഡർഷിപ്പ് സെഷനുകൾ, നെറ്റ്‌വർക്കിംഗ്, കരിയർ മാർഗനിർദേശങ്ങൾ, ബിസിനസ് സംരംഭകരുമായുള്ള സംവാദങ്ങൾ, യുവജനങ്ങൾ നയിക്കുന്ന പ്രത്യേക പരിപാടികൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഗിന്നസ് വേൾഡ് റെക്കോർഡ് ശ്രമങ്ങളെക്കുറിച്ച് പറയാമോ?**

ഈ കൺവൻഷന്റെ ഏറ്റവും വലിയ പ്രത്യേകത ഗിന്നസ് റെക്കോർഡ് ശ്രമങ്ങളാണ്. ആയിരത്തിലധികം പേർ പങ്കെടുക്കുന്ന മോഹിനിയാട്ടവും 500-ലധികം കലാകാരന്മാർ പങ്കെടുക്കുന്ന ചെണ്ടമേളവും ഇതിനകം തന്നെ ചരിത്രത്തിന്റെ ഭാഗമാകാൻ ഒരുങ്ങുകയാണ്. രജിസ്ട്രേഷൻ പ്രതീക്ഷിച്ചതിലും വലിയ രീതിയിലാണ് ലഭിച്ചത്. ഈ കലാകാരന്മാർക്ക് സൗജന്യ പ്രവേശനവും ഭക്ഷണവും ഫൊക്കാന ഒരുക്കിയിട്ടുണ്ട്. സാമ്പത്തിക ലാഭത്തേക്കാൾ നമ്മുടെ സംസ്കാരത്തെ ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടുകയാണ് ലക്ഷ്യം.

**റാഫിൾ ടിക്കറ്റിന് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. എന്താണിതിന്റെ സവിശേഷത?**

ഇത് വെറും സമ്മാനനറുക്കെടുപ്പല്ല. വളരെ പരിമിതമായ ടിക്കറ്റുകളാണ് പുറത്തിറക്കിയിരിക്കുന്നത്. വിജയസാധ്യതയും വളരെ കൂടുതലാണ്. ഇതിലൂടെ ലഭിക്കുന്ന ലാഭം ഫൊക്കാനയുടെ ജീവകാരുണ്യ പദ്ധതികൾക്കായി വിനിയോഗിക്കുമെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. ഫൊക്കാനയുടെ നേതൃത്വത്തിൽ ഭവനരഹിതരായ കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ച് നൽകുന്ന ഫൊക്കാന വില്ലേജ് പദ്ധതിക്കായി ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ അദ്ദേഹത്തിന്റെ സ്ഥലം സംഭാവന ചെയ്തത് വലിയ പ്രചോദനമാണ്. റാഫിൾ ടിക്കറ്റിൽ നിന്ന് ലഭിക്കുന്ന ലാഭം ഉൾപ്പെടെ പരമാവധി തുക ഈ ഭവനപദ്ധതിക്കായി ഉപയോഗിക്കും. ഒരു കുടുംബത്തിന് സുരക്ഷിതമായ വീട് നൽകാൻ കഴിയുന്നത് ഫൊക്കാനയുടെ ഏറ്റവും വലിയ സാമൂഹിക ഉത്തര

വാദിത്തങ്ങളിലൊന്നാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

**കൺവൻഷന്റെ വിജയത്തിന് പിന്നിൽ പ്രവർത്തിക്കുന്നവരോട് എന്താണ് പറയാനുള്ളത്?**

ഈ അവസരത്തിൽ എല്ലാ സ്പോൺസർമാർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു. അവരുടെ പിന്തുണ ഇല്ലാതെ ഇത്ര വലിയ ഒരു കൺവൻഷൻ സാധ്യമാകുമായിരുന്നില്ല. അതോടൊപ്പം അഡ്വൈസറി ബോർഡ് അംഗങ്ങൾ, റീജിയണൽ വൈസ് പ്രസിഡന്റുമാർ, വിവിധ കമ്മിറ്റി ചെയർമാൻമാർ, കോ-ഓർഡിനേറ്റർമാർ, വോളണ്ടിയർമാർ, ഓരോ അംഗസംഘടനയും ഒറ്റക്കെട്ടായി പ്രവർത്തിച്ചതിനാലാണ് ഈ സ്വപ്നം യാഥാർഥ്യമാകുന്നത്. ഇത് ഒരു വ്യക്തിയുടെയോ ഒരു ഭാരവാഹിയുടെയോ നേട്ടമല്ല; മുഴുവൻ ഫൊക്കാന കുടുംബത്തിന്റെ കൂട്ടായ പരിശ്രമത്തിന്റെ വിജയമാണ്.

**കേരള കൺവെൻഷൻ ഫൊക്കാനയുടെ ശ്രദ്ധേയമായ സംരംഭങ്ങളിലൊന്നായിരുന്നു. സാമ്പത്തിക മാനേജ്മെന്റിന്റെ കാര്യത്തിൽ ആ അനുഭവം എന്തൊക്കെ പാഠങ്ങളാണ് നിങ്ങളെ പഠിപ്പിച്ചത്?**

കേരള കൺവൻഷൻ ഞങ്ങളെ പഠിപ്പിച്ച ഏറ്റവും വലിയ പാഠം, ചില തീരുമാനങ്ങൾ തലച്ചോറുകൊണ്ടല്ല, ഹൃദയം കൊണ്ടാണ് എടുക്കേണ്ടത് എന്നതാണ്. കേരള കൺവൻഷനിൽ ചില ചെലവുകൾ കൂടുതലായെന്നത് യാഥാർഥ്യമാണ്. പക്ഷേ അത് സാമ്പത്തിക അച്ചടക്കത്തിന്റെ അഭാവം കൊണ്ടോ ആസൂത്രണത്തിലെ പിഴവ് കൊണ്ടോ ഉണ്ടായതല്ല. എത്ര ചെലവാകുമെന്ന് പൂർണ ബോധ്യത്തോടെയാണ് ആ തീരുമാനങ്ങൾ ഞങ്ങൾ എടുത്തത്.

കാരണം, അത് ഒരു കൺവൻഷൻ മാത്രമായിരുന്നില്ല; മനുഷ്യരുടെ ജീവിതത്തിൽ പ്രതീക്ഷയുടെ വെളിച്ചം പകരാനുള്ള ഒരു അവസരമായിരുന്നു. കൃത്രിമ കാൽ വിതരണം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ വേദിയിൽ തന്നെ സംഘടിപ്പിച്ചത്, ആ സഹായം സ്വീകരിക്കുന്നവരുടെ സന്തോഷത്തിൽ ഫൊക്കാനയിലെ അംഗങ്ങൾക്കുകൂടി പങ്കുചേരാൻ വേണ്ടിയായിരുന്നു. സഹായം ഏറ്റുവാങ്ങിയവരുടെ കണ്ണുകളിൽ തെളിഞ്ഞ സന്തോഷവും പ്രതീക്ഷയും കണ്ടപ്പോൾ, അതിനായി ചെലവഴിച്ച ഓരോ ഡോളറും ഏറ്റവും മൂല്യമുള്ള നിക്ഷേപമായാണ് ഞങ്ങൾക്ക് തോന്നിയത്. ആ ചെലവുകളെ ഒരിക്കലും അധികഭാരമായോ അനാവശ്യ ചിലവായോ ഞങ്ങൾ കണ്ടിട്ടില്ല. മറിച്ച്, ഫൊക്കാനയുടെ മാനുഷിക മുഖത്തെ കൂടുതൽ മനോഹരമാക്കിയ നിമിഷങ്ങളായിട്ടാണ് ഇന്നും ഓർക്കുന്നത്.

കേരള കൺവൻഷൻ ഞങ്ങൾക്ക് ഒരുപാട് അനുഭവങ്ങളും വിലപ്പെട്ട പാഠങ്ങളും സമ്മാനിച്ചു. ആ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് കൽഹാരിയിലെ ദേശീയ കൺവെൻഷനെ കൂടുതൽ മികച്ചതും ക്രമബദ്ധവും അതോടൊപ്പം കൂടുതൽ ഹൃദയസ്പർശിയുമായ ഒരു അനുഭവമാക്കി മാറ്റാൻ ഞങ്ങൾ ശ്രമിക്കുന്നത്. സംഘടനയുടെ വളർച്ചയ്ക്കൊപ്പം മനുഷ്യസ്നേഹവും വളരണം എന്ന വിശ്വാസമാണ് ഞങ്ങളുടെ ഓരോ തീരുമാനത്തിനും പിന്നിലുള്ള പ്രചോദനം.



## ഒരു കുടുംബത്തിന്റെ പിന്തുണയില്ലാതെ ഇത്തരമൊരു വലിയ ഉത്തരവാദിത്തം വിജയകരമായി നിർവഹിക്കാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ ഈ യാത്രയിലെ ഓരോ നേട്ടവും എന്റേത് മാത്രമല്ല, എന്റെ കുടുംബത്തിന്റെയും കൂടിയാണ്.

**ഇത്രയും വലിയ ഉത്തരവാദിത്തങ്ങൾക്കിടയിൽ കുടുംബത്തിന്റെ പിന്തുണ എത്രത്തോളം പ്രധാനമാണ്?**

ഒരു പൊതുപ്രവർത്തകന്റെ ഏറ്റവും വലിയ കരുത്ത് കുടുംബത്തിന്റെ പിന്തുണയാണ്. സംഘടനാ പ്രവർത്തനങ്ങൾ പലപ്പോഴും കുടുംബത്തിൽ നിന്ന് അകന്നു നിൽക്കേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കാറുണ്ട്. അത്തരം ഘട്ടങ്ങളിലെല്ലാം എന്നെ ചേർത്തുപിടിച്ച് മുന്നോട്ട് നയിച്ചത് എന്റെ കുടുംബമാണ്.

എന്റെ ഭാര്യ ഡോ. വത്സമ്മ ജോയ് ഒരു ഡോക്ടറാണ്. തിരക്കേറിയ ഔദ്യോഗിക ജീവിതത്തിനിടയിലും ഫൊക്കാന പ്രവർത്തനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി എല്ലാ ഘട്ടങ്ങളിലും പൂർണ പിന്തുണയുമായി അവർ എനിക്കൊപ്പമുണ്ട്. ആ പിന്തുണയാണ് ഈ ഉത്തരവാദിത്തങ്ങൾ ആത്മവിശ്വാസത്തോടെ ഏറ്റെടുക്കാൻ എനിക്ക് ശക്തി നൽകുന്നത്.

എന്റെ മകളും ഡോക്ടറാണ്. സേവനമേഖലയുടെ മൂല്യങ്ങൾ ജീവിതത്തിൽ പകർന്നു നൽകുന്ന അവളുടെ കാഴ്ചപ്പാടും പ്രോത്സാഹനവും എനിക്ക് ഏറെ പ്രചോദനമാണ്. മകൻ പഠനത്തിലാണെങ്കിലും സംഘടനാ പ്രവർത്തനങ്ങളോട് എന്നും താൽപര്യം പ്രകടിപ്പിക്കുകയും എല്ലാ സംരംഭങ്ങൾക്കും ആത്മാർത്ഥമായ പിന്തുണ നൽകുകയും ചെയ്യുന്നു.



ഒരു കുടുംബത്തിന്റെ പിന്തുണയില്ലാതെ ഇത്തരമൊരു വലിയ ഉത്തരവാദിത്തം വിജയകരമായി നിർവഹിക്കാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ ഈ യാത്രയിലെ ഓരോ നേട്ടവും എന്റേത് മാത്രമല്ല, എന്റെ കുടുംബത്തിന്റെയും കൂടിയാണ്. ഫൊക്കാന കുടുംബത്തിനായി ചെലവഴിക്കുന്ന ഓരോ നിമിഷത്തിനും പിന്നിൽ എന്റെ കുടുംബത്തിന്റെ ത്യാഗവും സ്നേഹവും മനസ്സിലാക്കലും ഉണ്ടെന്നത് ഞാൻ എന്നും നന്ദിയോടെ ഓർക്കുന്നു.

**എന്തുകൊണ്ടാണ് നോർത്ത് അമേരിക്കയിലെ ഓരോ മലയാളി കുടുംബവും ഈ കൺവൻഷന്റെ ഭാഗമാകണമെന്ന് താങ്കൾ വിശ്വസിക്കുന്നത്?**

ഇത് ഒരു കൺവൻഷൻ മാത്രമല്ല; ലോകമെമ്പാടുമുള്ള മലയാളി കുടുംബങ്ങളുടെ മഹാസംഗമമാണ്. മൂന്ന് ദിവസത്തേക്ക് കൽഹാരി റിസോർട്ട് ഒരു കൊച്ചു കേരളമായി മാറും. കുട്ടികളുടെ ചിരിയും യുവജനങ്ങളുടെ ആവേശവും കലാകാരന്മാരുടെ പ്രതിഭയും ബിസിനസ്-സാഹിത്യ-സാമൂഹിക ചർച്ചകളുടെ ഗൗരവവും ഒരുമിക്കുന്ന അപൂർവ വേദിയാണിത്. പുതിയ സൗഹൃദങ്ങൾ പിറക്കുന്ന, പഴയ ബന്ധങ്ങൾ പുതുക്കുന്ന, മലയാളിത്തത്തിന്റെ അഭിമാനം ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടുന്ന ചരിത്ര നിമിഷത്തിന്റെ ഭാഗമാകാൻ എല്ലാ മലയാളി കുടുംബങ്ങളെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.



സ്വർണ്ണം
വിൽക്കാൻ
ഏറ്റവും നല്ലത്
നമ്മുടെ
അച്ചായൻസ്
തന്നെ
SINCE 2005
21 Year Legacy of Trust & Quality
40+ BRANCHES
KERALA'S NO.1 GOLD BUYER
അച്ചായൻസ്
ഗോൾഡ്
916 HALLMARKED JEWELLERY
എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം
85900 46 916 | 90613 50 916
www.achayansgold.in
വിദേശ പഠനം / ജോലി
തുടങ്ങിയ ആവശ്യങ്ങൾക്കായി
സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLEY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)
FREE
FOR SPECIAL
NRI SERVICES
CONTACT: Mr. Shinil Kurian
90723 88 173

# പന്ത്രണ്ടാമത് സിറോ-മലങ്കര കത്തോലിക്ക ഫാമിലി കൺവെൻഷന് വിശ്വാസത്തോടും ആത്മീയ നവീകരണത്തോടും കൂടി തുടക്കമായി




**ഡോ. ജോർജ് എം. കാക്കനാട്**

ഡബിൾട്രീ ബൈ ഹിൽട്ടൺ (സ്റ്റാംഫോർഡ്, കണക്റ്റിക്കട്ട്) : യു.എസ്.എയിലെയും കാനഡയിലെയും പന്ത്രണ്ടാമത് സിറോ-മലങ്കര കത്തോലിക്ക ഫാമിലി കൺവെൻഷന് ആവേശത്തോടും ആഴമേറിയ ആത്മീയ ചൈതന്യത്തോടും കൂടി ഡബിൾട്രീ ബൈ ഹിൽട്ടൺ സ്റ്റാംഫോർഡിൽ തുടക്കമായി. അമേരിക്കയിലെയും കാനഡയിലെയും വിവിധ ഭാഗങ്ങളിൽ നിന്നുള്ള വൈദികരും സമർപ്പിതരും വിശ്വാസികളും സഭാ പിതാക്കന്മാരും സംഗമത്തിൽ പങ്കെടുത്തു.

''പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുക'' (യോഹന്നാൻ 4:23) എന്ന ചിന്താവിഷയത്തെ ആസ്പദമാക്കി നടക്കുന്ന ഈ കൺവെൻഷൻ, സഭയുടെ ആരാധനാക്രമ വർഷത്തെയും സിറോ-മലങ്കര കത്തോലിക്ക കുടുംബത്തിന്റെ ഐക്യത്തെയും ആഘോഷമാക്കുന്നതായിരുന്നു.

യു.എസ്.എയിലെയും കാനഡയിലെയും സെന്റ് മേരി ക്വീൻ ഓഫ് പീസ് ഭദ്രാസനത്തിന്റെ അധ്യക്ഷൻ അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്റ്റെഫാനോസ് മെത്രാപ്പോലീത്തായുടെ സ്വാഗതപ്രസംഗത്തോടെയാണ് ഉദ്ഘാടന സമ്മേളനം ആരംഭിച്ചത്.

വടക്കേ അമേരിക്കയിലെ സഭയുടെ ചരിത്രപരമായ വളർച്ചയെ അനുസ്മരിച്ചുകൊണ്ട്, 1948-ൽ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി അമേരിക്ക സന്ദർശിച്ചതാണ് ഈ മണ്ണിൽ സഭയുടെ വിത്തുപാകിയതെന്ന് മാർ സ്റ്റെഫാനോസ് പിതാവ് ഓർമ്മിപ്പിച്ചു. 1984-ൽ ആദ്യതലമുറ കുടിയേറ്റക്കാരുടെ ത്യാഗത്തിലൂടെ വളർന്ന സമൂഹം, ദൈവപരിപാലനയാൽ 2010-ൽ എക്സാർക്കേറ്റായും 2016-ൽ ഭദ്രാസനമായും ഉയർത്തപ്പെട്ടു.

'നമ്മുടെ ഭദ്രാസനം ഭൂമിശാസ്ത്രപരമായി ഏറ്റവും വലിയ ഒന്നാണ്. വിശാലമായ ദൂരങ്ങളിൽ കുടുംബങ്ങൾ ചിതറിക്കിടക്കുന്നതിനാൽ എല്ലാവരും ഒന്നിച്ചുകൂടാനുള്ള അവസരങ്ങൾ അപൂർവ്വമാണ്; അതുകൊണ്ടാണ് ഈ ഫാമിലി കൺവെൻഷൻ അത്രമേൽ പ്രധാനപ്പെട്ടതാകുന്നത്.' മാർ സ്റ്റെഫാനോസ് പറഞ്ഞു. 'നമ്മുടെ ശക്തി എണ്ണത്തിലല്ല, മറിച്ച് ക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസത്തിലാണ് അളക്കപ്പെടുന്നത്. വടക്കേ അമേരിക്കയിലുടനീളം സജീവമായ ആരാധനാക്രമ ജീവിതം, വിശ്വാസ പരിശീലനം, യുവജന-കുടുംബ ശുശ്രൂഷകൾ, കാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിലൂടെ നമ്മുടെ സഭ നിരന്തരം തഴച്ചുവളരുകയാണ്.'

ചടങ്ങിലെ വിശിഷ്ടാതിഥികളെയും അഭിവന്ദ്യ പിതാക്കന്മാരെയും മാർ സ്റ്റെഫാനോസ് പ്രത്യേകം സ്വാഗതം ചെയ്തു. ഭദ്രാസനത്തിന്റെ രൂപീകരണത്തിലും വളർച്ചയിലും അപ്പോസ്തോലിക് വിസിറ്റേറ്റർ എന്ന നിലയിൽ വലിയ പങ്കുവഹിച്ച അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായുടെ സാന്നിധ്യം ഈ ചടങ്ങിന് വലിയ ആദരവാണ് നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു. ആരോഗ്യ പ്രശ്നങ്ങളും വരാനിരിക്കുന്ന പുനരൈക്യദിന ആഘോഷങ്ങളുടെ തിരക്കുകളും മാറ്റിവെച്ച് പങ്കെടുത്ത പൂനെ ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് തിരുമേനിയെയും, മെത്രാഭിഷേകത്തിന് ശേഷം ആദ്യമായി യു.എസ്.എ സന്ദർശിക്കുന്ന യു.കെ-യൂറോപ്പ് അപ്പോസ്തോലിക് വിസിറ്റേറ്റർ അഭിവന്ദ്യ കുറിയാക്കോസ് മാർ ഒസ്താത്തിയോസ് തിരുമേനിയെയും അദ്ദേഹം സ്നേഹത്തോടെ സ്വാഗതം ചെയ്തു.

ഇവർക്ക് പുറമെ, മലങ്കര മേജർ സെമിനാരി ഡീനും പ്രശസ്ത ദൈവശാസ്ത്രജ്ഞനുമായ റവ. ഡോ. ജോളി ഫിലിപ്പ് കരിമ്പിൽ, വികാരി ജനറാൾ വെരി റവ. അഗസ്റ്റിൻ മംഗലത്ത് കോറെപ്പിസ്കോപ്പ, മോൺസിഞ്ഞോർ പീറ്റർ കൊച്ചേരി, ജനറൽ കൺവീനറും ചാൻസലറുമായ റവ. ഫാ. സാജി മുക്കൂട്ടുമണ്ണിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി റിൻസി ബേബി, എം.സി.വൈ.എം പ്രസിഡന്റ് സിന്ധ്യ, വടക്കേ അമേരിക്കയിലെ വിവിധ ഇടവകകളിൽ നിന്നുള്ള വൈദികർ, കന്യാസ്ത്രീകൾ, പ്രതിനിധികൾ, വിശ്വാസികൾ എന്നിവരെയും പിതാവ് ചടങ്ങിലേക്ക് ഹൃദ്യമായി സ്വാഗതം ചെയ്തു. തന്റെ ഉദ്ഘാടന സന്ദേശത്തിൽ, സഭാതലവൻ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയുടെ അസാന്നിധ്യത്തെ കുറിച്ച് മാർ സ്റ്റെഫാനോസ് വിശദീകരിച്ചു. കൺവെൻഷനിൽ പങ്കെടുക്കാൻ ബാവ തിരുമേനി ഏറെ ആഗ്രഹിച്ചിരുന്നെങ്കിലും, മധ്യപൂർവേഷ്യയിലെ പ്രതിസന്ധികളും വിമാന സർവീസുകൾ റദ്ദാക്കിയതും മൂലം അദ്ദേഹത്തിന് എത്തുവാൻ സാധിച്ചില്ലെന്ന് അദ്ദേഹം അറിയിച്ചു. ബാവ തിരുമേനിയുടെ സ്നേഹം നിറഞ്ഞ ആശംസകളും പ്രാർത്ഥനകളും കൺവെൻഷന് ഒപ്പമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബത്തേരി ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത ഉദ്ഘാടന പ്രസംഗം നടത്തി. കൺവെൻഷനെ ഒരു വിശുദ്ധ തീർത്ഥാടനമായും ക്രിസ്തുവിലുള്ള കൂട്ടായ്മയുടെ ആഘോഷമായും അദ്ദേഹം വിശേഷിപ്പിച്ചു.

'നന്ദി നിറഞ്ഞ ഹൃദയത്തോടെയാണ് നമ്മൾ ഇവിടെ ഒന്നിച്ചുകൂടിയിരിക്കുന്നത്,' മാർ തോമസ് പറഞ്ഞു. 'വിശുദ്ധ കുർബാന ഒരു ആഘോഷം മാത്രമല്ല, വടക്കേ അമേരിക്കയിൽ ക്രിസ്തുവിന്റെ സാക്ഷികളാകാൻ നമ്മെ പ്രാപ്തരാക്കുന്ന ജീവനുള്ള കണ്ടുമുട്ടൽ കൂടിയാണ്.'

ആരാധനാക്രമ വർഷത്തെക്കുറിച്ച് പരാമർശിച്ച അദ്ദേഹം, സത്യാരാധന എപ്പോഴും യഥാർത്ഥ ക്രിസ്തീയ സാക്ഷ്യത്തിലേക്ക് നയിക്കണമെന്ന് ഓർമ്മിപ്പിച്ചു. സഭയുടെ ആരാധനാക്രമ പാരമ്പര്യങ്ങൾ മാത്രമല്ല, അതിന്റെ ദൈവശാസ്ത്രവും ആത്മീയതയും ക്രിസ്തുവുമായുള്ള വ്യക്തിപരമായ അനുഭവവും കാത്തുസൂക്ഷിക്കാൻ അദ്ദേഹം വിശ്വാസികളോട് ആഹ്വാനം ചെയ്തു. ശമരിയാക്കാരിയുമായുള്ള സുവിശേഷ സംഭവം ചൂണ്ടിക്കാണിച്ചുകൊണ്ട്, വിശുദ്ധ കുർബാനയിൽ ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞ ശേഷം അവിടുത്തെ സന്തോഷമുള്ള സാക്ഷികളാകാൻ അദ്ദേഹം ഏവരെയും ഓർമ്മിപ്പിച്ചു.

ആരാധനാക്രമം കേവലം ചടങ്ങുകളല്ല, മറിച്ച് ദൈവവും അവിടുത്തെ ജനവും തമ്മിലുള്ള ജീവനുള്ള കണ്ടുമുട്ടലാണ്. ഓരോ വിശുദ്ധ കുർബാന ആഘോഷത്തിലും സ്വർഗ്ഗം ഭൂമിയെ സ്പർശിക്കുകയും ക്രിസ്തു തന്റെ ശരീരരക്തങ്ങളാൽ നമ്മെ പോറ്റുകയും ചെയ്യുന്നു. മലങ്കര കത്തോലിക്കാ തനിമയുടെ ഹൃദയം ആരാധനാക്രമ ആത്മീയതയാണ്

എന്നും അദ്ദേഹം ഓർമിപ്പിച്ചു.

മാതൃരാജ്യത്തുനിന്ന് ഏറെ അകലെ പുതിയ സംസ്കാരങ്ങളിലും തൊഴിലുകളിലും ജീവിക്കുമ്പോഴും മലങ്കര കത്തോലിക്കരെന്ന തനിമ നിലനിർത്തുന്നത് നമ്മുടെ ആരാധനയിലൂടെയാണ്. അത് നമ്മുടെ ഭാഷയെയും പാരമ്പര്യത്തെയും മാത്രമല്ല, ദൈവശാസ്ത്രത്തെയും ദൈവാനുഭവത്തെയും സംരക്ഷിക്കുന്നു. ആദ്യത്തെ സഭ കുടുംബമാണ്; അതിനാൽ ഓരോ ഭവനവും പ്രാർത്ഥനാകേന്ദ്രമാകണം. സഭയുടെ ഭാവിയായ യുവജനങ്ങൾ ആരാധനാക്രമത്തെ പഴയതായി കാണാതെ അതിന്റെ സൗന്ദര്യം കണ്ടെത്തുകയും ഇടവക ജീവിതത്തിലും മദ്ബഹാ ശുശ്രൂഷകളിലും സജീവമാകുകയും വേണം എന്നും തിരുമേനി ആവശ്യപ്പെട്ടു.

നാം പൂർണ്ണഹൃദയത്തോടെ ദൈവത്തെ ആരാധിക്കുന്നുണ്ടോ എന്നും, ക്രിസ്തു നമ്മുടെ കുടുംബത്തിന്റെ കേന്ദ്രമാണോ എന്നും സ്വയം ചോദിച്ചുകൊണ്ട് ഈ കൺവെൻഷൻ ആത്മീയ നവീകരണത്തിന്റെയും സന്തോഷകരമായ കൂട്ടായ്മയുടെയും വേളയായി മാറട്ടെയെന്ന് തിരുമേനി ആശംസിച്ചു.

ക്രിസ്തുവിനെ ലോകത്തിന്റെ വെളിച്ചമായി പ്രതീകവത്കരിച്ചുകൊണ്ടും കൺവെൻഷനിൽ ദൈവാനുഗ്രഹം യാചിച്ചുകൊണ്ടും പരമ്പരാഗത ഭദ്രദീപം തെളിയിക്കൽ ചടങ്ങും ഉദ്ഘാടന വേളയിൽ നടന്നു.

ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ച പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി റിൻസി ബേബി, ഈ കൺവെൻഷൻ ഒരു കൂട്ടായ്മ എന്നതിലുപരി വിശ്വാസത്തിൽ ഒന്നിച്ച സിറോ-മലങ്കര കത്തോലിക്ക കുടുംബത്തിന്റെ ആഘോഷമാണിതെന്ന് പറഞ്ഞു. സഭയുടെ വളർച്ചയെ കടുക് മണിയുടെ ഉപമയോട് ഉപമിച്ച അവർ, ഈ കൺവെൻഷൻ സഭയുടെ വിശ്വാസവും പാരമ്പര്യവും അടുത്ത തലമുറയിലേക്ക് കൈമാറുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ടെന്ന് എടുത്തുപറഞ്ഞു. തുടർന്ന് റവ. ഫാ. സാജി മുക്കൂട്ടുമണ്ണിൽ അമേരിക്കയിലെയും കാനഡയിലെയും വിവിധ ഇടവകകളെയും മിഷനുകളെയും സദസ്സിന് പരിചയപ്പെടുത്തി.

വികാരി ജനറാൾ വെരി റവ. അഗസ്റ്റിൻ മംഗളത്ത് കോറെപ്പിസ്കോപ്പയുടെ കൃതജ്ഞതാ പ്രകടനത്തോടെ ഉദ്ഘാടന ചടങ്ങുകൾ സമാപിച്ചു. കൺവെൻഷൻ സാക്ഷാത്കരിക്കാൻ പ്രയത്നിച്ച ബിഷപ്പുമാർ, വൈദികർ, സമർപ്പിതർ, സന്നദ്ധപ്രവർത്തകർ, സ്പോൺസർമാർ, ഭാരവാഹികൾ, വിശ്വാസികൾ എന്നിവർക്ക് അദ്ദേഹം നന്ദി രേഖപ്പെടുത്തി.

പ്രാർത്ഥനയുടെയും നന്ദിയുടെയും ഐക്യത്തിന്റെയും അന്തരീക്ഷത്തിലാണ് ആദ്യദിനം അവസാനിച്ചത്. വടക്കേ അമേരിക്കയിലുടനീളമുള്ള സിറോ-മലങ്കര കത്തോലിക്ക കുടുംബങ്ങൾക്കായി ദിനപൂജകൾ, വിശ്വാസ പരിശീലനം, യുവജന പരിപാടികൾ, സാംസ്കാരിക സന്ധ്യകൾ, കൂട്ടായ്മകൾ എന്നിവയടങ്ങിയ വരും ദിനങ്ങളിലെ ആത്മീയ സംഗമത്തിന് ഇത് മികച്ച തുടക്കമേകി.



# നിറങ്ങൾ മാറിയെങ്കിലും... വിശ്വാസത്തിന് ഇന്നും ഒരേ നിറം

Pulimoottil SILKS

102 YEARS 1924 -2026

ഒരു വസ്ത്രം തിരഞ്ഞെടുക്കുമ്പോൾ ആളുകൾ അന്വേഷിക്കുന്നത് നിറവും ഡിസൈനും മാത്രമല്ല, ആ വസ്ത്രത്തോടൊപ്പം ലഭിക്കുന്ന വിശ്വാസവും കരുതലുമാണ്. അതുകൊണ്ടാണ് ചില സ്ഥാപനങ്ങൾ ഒരു സ്ഥാപനമായി മാത്രം നിൽക്കാതെ തലമുറകളുടെ ഓർമ്മകളുടെ ഭാഗമായി മാറുന്നത്. മലയാളികളുടെ മനസ്സിൽ അത്തരമൊരു സ്ഥാനമാണ് ഒരു നൂറ്റാണ്ടിലേറെയായി പുളിമൂട്ടിൽ സിൽക്സ് സ്വന്തമാക്കിയിരിക്കുന്നത്.

1916-ൽ ഉദയംപേരൂരിൽ നിന്ന് തൊടുപുഴയിലേക്ക് കുടിയേറിയ ചാക്കോ ഔസേഫ് കണ്ട സ്വപ്നത്തിന് ഇന്ന് 102 വർഷങ്ങളുടെ നിറവാണ്. 1924ൽ ആരംഭിച്ച ഒരു ചെറിയ ജൗളിക്കടയിൽ വിതച്ച വിശ്വാസത്തിന്റെ വിത്ത് ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ശാഖകൾ വിരിച്ച പുളിമൂട്ടിൽ സിൽക്സ് എന്ന മഹാവൃക്ഷമായി വളർന്നിരിക്കുന്നു.

## കാലം മാറി... മൂല്യങ്ങൾ മാറിയില്ല

ഫാഷൻ മാറി, ജീവിതശൈലികൾ മാറി, ഉപഭോക്താക്കളുടെ പ്രതീക്ഷകൾ മാറി, എന്നാൽ ഗുണനിലവാരത്തിലും ആത്മാർത്ഥമായ സേവനത്തിലും ഉപഭോക്താവുമായുള്ള ബന്ധത്തിലും പുളിമൂട്ടിൽ സിൽക്സ് ഇന്നും അതേ മൂല്യങ്ങളാണ് പിന്തുടരുന്നത്. അതാണ് ഈ സ്ഥാപനത്തിന്റെ യഥാർത്ഥ പാരമ്പര്യവും ഏറ്റവും വലിയ ശക്തിയും.

## പാരമ്പര്യവും പുതുമയും കൈകോർക്കുമ്പോൾ

ഇന്ന് തൊടുപുഴ, കോട്ടയം, തൃശ്ശൂർ, കൊല്ലം, തിരുവല്ല, പാലാ, കൊച്ചി, അടൂർ എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന പുളിമൂട്ടിൽ സിൽക്സിന്റെ എല്ലാ ഷോറൂമുകളും സ്ഥാപകൻ ചാക്കോ ഔസേഫിന്റെ ചെറുമക്കളുടെ നേതൃത്വത്തിലാണ് മുന്നേറുന്നത്. മുൻതലമുറ കൈമാറിയ വിശ്വാസവും മൂല്യങ്ങളും അതേപടി കാത്തുസൂക്ഷിച്ചുകൊണ്ട്, പുതിയ തലമുറയുടെ ദീർഘദർശനവും ആധുനിക വ്യാപാരരീതികളും സാങ്കേതികവിദ്യയും കൂട്ടിച്ചേർത്ത് ബ്രാൻഡിനെ കൂടുതൽ ഉയരങ്ങളിലേക്ക് അവർ നയിക്കുകയാണ്.

## വിശ്വാസത്തിന്റെ തിരിച്ചുവരവ്

ഒരു കുടുംബത്തിലെ ആദ്യ വിവാഹത്തിനായി പുളിമൂട്ടിൽ സിൽക്സിൽ എത്തിയവർ, പിന്നീട് മക്കളുടെ വിവാഹത്തിനും കൊച്ചുമക്കളുടെ ആദ്യ ഓണത്തിനുമുള്ള വസ്ത്രങ്ങൾ വാങ്ങാനും വീണ്ടും അതേ സ്ഥാപനത്തിലേക്ക് എത്തുന്നു. ഈ തിരിച്ചുവരവിന് കാരണം വലിയ പരസ്യങ്ങളോ ഓഫറുകളോ അല്ല. തലമുറകളിലൂടെ കൈമാറപ്പെട്ട വിശ്വാസമാണ്.

## ഒരു സ്ഥാപനമല്ല... ഒരു കുടുംബം

102 വർഷങ്ങളുടെ ഈ യാത്രയിൽ 2000-ത്തിലധികം ജീവനക്കാർ പുളിമൂട്ടിൽ സിൽക്സ് കുടുംബത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. ഇന്ന് പുളിമൂട്ടിൽ സിൽക്സ് ഒരു വ്യാപാരസ്ഥാപനം മാത്രമല്ല, ആയിരക്കണക്കിന് കുടുംബങ്ങളുടെ ഉപജീവനത്തിനും സ്വപ്നങ്ങൾക്കും കരുത്തേകുന്ന ഒരു പ്രസ്ഥാനമാണ്.

## ഓരോ ആഘോഷത്തിനും അനുയോജ്യമായത്

വിവാഹ പട്ടുകൾ മുതൽ ആഘോഷ വസ്ത്രങ്ങൾ വരെ... കേരളീയ പാരമ്പര്യം മുതൽ ആഗോള ഫാഷൻ ട്രെൻഡുകൾ വരെ... കുടുംബത്തിലെ ഓരോ അംഗത്തിനും അനുയോജ്യമായ മികച്ച തിരഞ്ഞെടുപ്പുകൾ ഒരേ കുടക്കീഴിൽ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പുളിമൂട്ടിൽ സിൽക്സ് മുന്നേറുന്നത്. ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ ഓരോ ഉപഭോക്താവിനും സന്തോഷകരമായ ഷോപ്പിംഗ് അനുഭവം സമ്മാനിക്കുക എന്നതാണ് എന്നും സ്ഥാപനത്തിന്റെ പ്രതിബദ്ധത

"ഒരു സ്ഥാപനത്തിനെ വിജയത്തിലേക്ക് നയിക്കുന്നത് പുതിയ ഷോറൂമുകളുടെ എണ്ണം അല്ല... അത് വീണ്ടും വീണ്ടും തിരിച്ചെത്തുന്ന ഉപഭോക്താക്കളാണ്... ആ തിരിച്ചുവരവാണ് പുളിമൂട്ടിൽ സിൽക്സിന്റെ ഏറ്റവും വലിയ അംഗീകാരം!"

- LATE ശ്രീ. ഔസേഫ് ചാക്കോ പുളിമൂട്ടിൽ
& LATE ഔസേഫ് ജോൺ പുളിമൂട്ടിൽ
(ഞങ്ങളുടെ മാർഗ്ഗദർശകർ)



# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



Allstate®

You're in good hands.

CALL

**718 831 6500**

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years
in Insurance
Business

**We Offer 6 Hours Defensive Driving Course in NY/NJ**

# എംപയർ റീജിയൻ ആർ.വി.പി: മോൻസി വർഗീസിന്റെ അഭ്യർത്ഥന




പ്രിയപ്പെട്ട എംപയർ റീജണൽ അസോസിയേഷൻ ഭാരവാഹികളെ,

എന്റെ പേര് മോൻസി വർഗീസ്. ഈ വരുന്ന ഫോമാ കൺവെൻഷനിൽ 2026-2028 ൽ എംപയർ റീജണൽ വൈസ് പ്രസിഡന്റ് (ആർ.വി.പി) സ്ഥാനത്തേക്ക് ഞാൻ മത്സരിക്കുന്ന വിവരം അറിഞ്ഞിരിക്കുമല്ലോ. നിങ്ങളുടെ എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

ഫോമായുടെ ആദ്യത്തെ ജോയിന്റ് ട്രഷറർ ആയി തുടക്കം ഇട്ടു. തുടർന്ന് പല രീതിയിൽ സാമ്പത്തികമായും വ്യക്തിപരമായും സംഘടനയിൽ കാലങ്ങളായി പ്രവർത്തനം നടത്തുന്നു.

ഇപ്പോൾ എംപയർ റീജണൽ സെക്രട്ടറി ആയി പ്രവർത്തിച്ചു വരുന്നു. കേരള സമാജം ഓഫ് യോങ്കേഴ്സിന്റെ പ്രസിഡണ്ടുമാണ്.

യോങ്കേഴ്സ് മലയാളി അസോസിയേഷന്റെ തുടക്കകാരിൽ ഒരാളും ട്രസ്റ്റി ബോർഡ് മെമ്പറും ട്രഷററും കമ്മറ്റി അംഗവും ആയിരുന്നു.

ഫോമയുടെ ഭവന ദാന പദ്ധതിയിൽ ഒരു ഭവനം നിർമ്മിക്കാൻ വേണ്ട തുക സംഭാവന നൽകി. ഹ്യൂസ്റ്റനിൽ നടക്കുന്ന കൺവൻഷനിൽ സിൽവർ സ്പോൺസർ ആണ്. കൺവെൻഷന്റെ വിജയത്തിനായി സജീവമായി പ്രവർത്തിക്കുന്നു.

വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ ഭാരവാഹി ആയും വേൾഡ് മലയാളി കൗൺസിൽ വൈസ് പ്രസിഡന്റ്, ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഐ ഒ സീ ജോയന്റ് ട്രഷറർ ആയി പ്രവർത്തിച്ചു വരുന്നു. ജോ. സെക്രട്ടറി ആയിരുന്നു

കൂടാതെ വിവിധ സംഘടനകളിൽ ആജീവനാന്ത അംഗമാണ്. ഒപ്പം പല മേഖലകളിൽ പ്രവർത്തിച്ചു പരിചയം ആർജിക്കാൻ ഭാഗ്യം ലഭിച്ചു

ഇനിയും പ്രവർത്തിക്കുവാൻ സന്നദ്ധതയും ആവശ്യമായ സമയവും ആരോഗ്യവും മോശമല്ലാത്ത സാമ്പത്തിക കെട്ടുറപ്പുള്ള കുടുംബ പശ്ചാത്തലവും ഉണ്ടെന്നു വിശ്വസിക്കുന്നു.

നിങ്ങളുടെ ഓരോ വോട്ടും നല്കി എന്നെ വിജയിപ്പിക്കണം എന്ന് അപേക്ഷിക്കുന്നു

നന്ദിയോടെ മോൻസി വർഗീസ്

# 12ാമത് സീറോ-മലങ്കര കത്തോലിക്കാ ഫാമിലി കൺവെൻഷനോടനുബന്ധിച്ച് പാസ്റ്ററൽ കൗൺസിൽ ചേർന്നു

ഡോ. ജോർജ് എം. കാക്കനാട്

സ്റ്റാംഫോർഡ്, കണക്റ്റിക്കട്ട്: 12-ാമത് സീറോ-മലങ്കര കത്തോലിക്കാ കുടുംബസംഗമത്തോടനുബന്ധിച്ച് സീറോ-മലങ്കര കത്തോലിക്കാ എപ്പാർക്കിയുടെ പാസ്റ്ററൽ കൗൺസിൽ സമ്മേളിച്ചു. കണക്റ്റിക്കട്ടിലെ സ്റ്റാംഫോർഡിലുള്ള ഡബിൾ ട്രീ ബൈ ഹിൽട്ടണിൽ വെച്ച് നടന്ന യോഗത്തിൽ ബിഷപ്പ് ഫിലിപ്പോസ് മാർ സ്തേഫാനോസ് അധ്യക്ഷത വഹിച്ചു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ ഊഷ്മളമായി സ്വാഗതം ചെയ്ത അദ്ദേഹം, കൺവെൻഷൻ വൻ വിജയമാക്കാൻ അവർ നൽകിയ അർപ്പണബോധത്തിനും കഠിനാധ്വാനത്തിനും ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തി.


കൺവെൻഷൻ സംഘടിപ്പിക്കുന്നതിൽ വൈദികരും സന്യസ്തരും അല്മായരും നൽകിയ ഒറ്റക്കെട്ടായ പിന്തുണയ്ക്ക് ബിഷപ്പ് മാർ സ്തേഫാനോസ് തന്റെ പ്രഭാഷണത്തിൽ നന്ദി പറഞ്ഞു. പ്രാർത്ഥനയുടെയും അർപ്പണബോധത്തിന്റെയും കൂട്ടായ്മയുടെയും ഫലമാണ് സഭയുടെ വളർച്ചയും ചൈതന്യവുമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. എപ്പാർക്കി വളർച്ചയുടെ പാതയിൽ തുടരുമ്പോൾ, ഇടവക ജീവിതം ശാക്തീകരിക്കുന്നതിലും വിശ്വാസം വളർത്തുന്നതിലും വടക്കേ അമേരിക്കയിലുടനീളമുള്ള സഭയുടെ ഭാവിക്ക് വഴികാട്ടുന്നതിലും പാസ്റ്ററൽ കൗൺസിലിന് വലിയ ഉത്തരവാദിത്തമുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ദൈവവിളിയുമായി ബന്ധപ്പെട്ട സന്തോഷകരമായ വാർത്തകളും ബിഷപ്പ് യോഗത്തിൽ പങ്കുവെച്ചു. രണ്ട് സെമിനാരി വിദ്യാർത്ഥികൾ സബ്-ഡീക്കൻ പട്ടം സ്വീകരിക്കാൻ തയ്യാറെടുക്കുന്നതായും, കൂടുതൽ യുവാക്കൾ ദൈവവിളി തിരിച്ചറിഞ്ഞ് സെമിനാരി പരിശീലനത്തിലേക്ക് പ്രവേശിക്കുന്നതായും അദ്ദേഹം അറിയിച്ചു. സഭയ്ക്ക് ലഭിക്കുന്ന ഈ ദൈവവിളികൾ ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹങ്ങളുടെ അടയാളവും സഭയുടെ ശോഭനമായ ഭാവിയുടെ പ്രതീക്ഷ നൽകുന്ന സൂചനയുമാണെന്ന് അദ്ദേഹം വിശേഷിപ്പിച്ചു.

വടക്കേ അമേരിക്കയിലെ സീറോ-മലങ്കര കത്തോലിക്കാ സഭയുടെ ശ്രദ്ധേയമായ വളർച്ചയെക്കുറിച്ച് കൗൺസിൽ അംഗങ്ങൾ വിലയിരുത്തി. ഇടവക ശുശ്രൂഷകൾ, യുവജന പങ്കാളിത്തം, കുടുംബജീവിതം, സുവിശേഷവൽക്കരണം, അജപാലന പ്രവർത്തനങ്ങൾ എന്നിവ തുടർന്നും ശക്തിപ്പെടുത്തുന്നതിനുള്ള വഴികൾ യോഗത്തിൽ ചർച്ച ചെയ്തു. 12-ാമത് സീറോ-മലങ്കര കത്തോലിക്കാ കുടുംബസംഗമത്തിന്റെ വിജയത്തിൽ അംഗങ്ങൾ കൃതജ്ഞത രേഖപ്പെടുത്തി. അമേരിക്കയിലെയും കാനഡയിലെയും മലങ്കര കത്തോലിക്കാ കുടുംബങ്ങൾക്കിടയിൽ വിശ്വാസവും ഐക്യവും കൂട്ടായ്മയും വളർത്തുന്നതിനുള്ള ഒരു സുപ്രധാന വേദിയായി ഈ കൺവെൻഷൻ മാറിയെന്ന് അവർ അഭിപ്രായപ്പെട്ടു.

സഭയുടെ ദൗത്യം മുന്നോട്ട് കൊണ്ടുപോകുന്നതിനും സീറോ-മലങ്കര കത്തോലിക്കാ സമൂഹത്തിന് ഊർജ്ജസ്വലമായ ഭാവി കെട്ടിപ്പടുക്കുന്നതിനും ബിഷപ്പിനും വൈദികർക്കും വിശ്വാസികൾക്കുമൊപ്പം ഒത്തുചേർന്ന് പ്രവർത്തിക്കുമെന്ന അംഗങ്ങളുടെ നവീകരിച്ച പ്രതിജ്ഞയോടെയാണ് യോഗം സമാപിച്ചത്.





TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...



emalayalee.com
Great News!
NOW YOU CAN
INSTANTLY
PLACE YOUR ADVT
or
BOOK YOUR AD SPACE
ON
eMalayalee.com
TARGET MALAYALEE AUDIENCE
THOUSANDS OF DAILY VISITORS
BOOST YOUR BRAND VISIBILITY
EASY, FAST & EFFECTIVE
WIDE ONLINE REACH
PREMIUM AD SPACES AVAILABLE
TRUSTED MEDIA PLATFORM
Just Click
eMalayalee.com/Advertise

# പന്തളം ബിജു ഫോമാ മൗണ്ടെയ്ൻ റീജിയൻ പ്രഥമ വൈസ് പ്രസിഡന്റ് (RVP)



ലാസ് വേഗസ്: ഫോമായുടെ പുതിയ റീജിയനുകളിൽ ഒന്നായ മൗണ്ടെയ്ൻ (മലനാട്) റീജിയന്റെ വൈസ് പ്രെസിഡന്റായി (RVP) പന്തളം ബിജുവിനെ എതിരില്ലാതെ തിരഞ്ഞെടുത്തു. പുതുതായി രൂപീകരിക്കപ്പെട്ട ഫോമായുടെ മറ്റ് റീജിയനുകളിലെല്ലാം മത്സരം അനിവാര്യമായി വന്നപ്പോഴും ഇവിടെ മത്സരം ഒഴിവായി. അമേരിക്കയുടെ പശ്ചിമഘട്ടത്തിലെ മലനിരകൾ ഉൾപ്പെടുന്ന നെവാഡ, അരിസോണ, കൊളറാഡോ മുതലായ സംസ്ഥാനങ്ങളിലുള്ള മലയാളി/കേരളാ അസ്സോസിയേഷനുകളാണ് ഈ റീജിയനിലുള്ളത്.

ഫോമാ വെസ്റ്റേൺ റീജിയന്റെ വൈസ് പ്രെസിഡന്റായിരുന്ന പന്തളത്തിന്റെ മുൻകാല പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിന് പുതിയ റീജിയന്റെ വൈസ് പ്രെസിഡന്റായി നാമനിർദ്ദേശം ലഭിച്ചത്. കഴിഞ്ഞ കാലയളവിൽ ഫോമയിലെ വിവിധ കമ്മറ്റികളിൽ ചെയർമാനായും, ഫോമായുടെ ലാസ് വേഗസ് കൺവൻഷന്റെ നേതൃത്വത്തിലും, കേരളാ അസോസിയേഷൻ ഓഫ് ലാസ് വേഗസിന്റെ മുൻകാല പ്രസിഡന്റായും പദവികൾ അലങ്കരിച്ചിട്ടുണ്ട്.

അമേരിക്കയിലും കാനഡയിലുമായി പടർന്ന് പന്തലിച്ച് കിടക്കുന്ന ഫോമായുടെ ഒരു റീജിയണൽ വൈസ് പ്രസിഡന്റ് എന്ന സ്ഥാനം ഒട്ടനവധി ഉത്തരവാദിത്വം നിറഞ്ഞതാണന്ന റിയാമെന്നും, അതുകൊണ്ടു തന്നെ ഈ സ്ഥാനത്തേക്ക് എന്നെ പരിഗണിച്ച റീജിയണിലെ എല്ലാവരോടും, പ്രത്യേകിച്ച് കേരളാ അസോസിയേഷൻ ഓഫ് ലാസ് വേഗാസിന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയോടും, പ്രസിഡന്റ് തോംപ്സൺ ചെമ്പ്ലാവിൽ, സെക്രെട്ടറി ഡേവിസ് പറപ്പള്ളി എന്നിവരോടുമുള്ള പ്രത്യേകമായ നന്ദിയും കൃതജ്ഞതയും അറിയിക്കുന്നതായി ബിജു പന്തളം അറിയിച്ചു.

# Blue Ocean

Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs Service & Commitment



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഐ.പി.സി. ഗ്ലോബൽ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു




ജോയി തുമ്പമൺ
മീഡിയ കോർഡിനേറ്റർ

ഫിലഡൽഫിയ: ഐ.പി.സി. എൻ.ആർ.ഐ. ഗ്ലോബൽ കോൺഫറൻസ് ജൂലൈ 24 നു വൈകിട്ട് 6.30 നടന്ന സമ്മേളനത്തിൽ ഐ.പി.സി. ജനറൽ പ്രസിഡന്റ് റവ. ഡോ. വൽസൻ ഏബ്രഹാം ഉത്ഘാടനം ചെയ്തു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഉത്തര അമേരിക്കയിൽ നിന്നും ഐ.പി.സി., എൻ.ആർ.ഐ. പ്രതിനിധികളും സന്നിഹിതരായിരുന്നു. ഈ പ്രഥമ സമ്മേളനത്തിൽ തന്നെ വിശ്വാസസമൂഹത്തിന്റെ സാന്നിധ്യവും സഹകരണവും വളരെ ശ്രദ്ധേയമായി.

ഐ.പി.സി. എൻ.ആർ.ഐ. ഗ്ലോബൽ കൺവീനർ ഡോ. ജോർജ് മാത്യു അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ഗ്ലോബൽ സെക്രട്ടറി ഡോ. തോമസ് കിടങ്ങാലിൽ സ്വാഗതം ചെയ്തു. ഗായക സംഘത്തിന്റെ അനുഗൃഹീതമായ സംഗീത ശുശ്രൂഷകൾ അവിസ്മരണീയമായിരുന്നു.

ഡോ. വൽസൻ ഏബ്രഹാം, റവ. നൂറുദ്ദീൻ മുള്ള എന്നിവർ മുഖ്യ

പ്രഭാഷണം ചെയ്തു. ഐ.പി.സി. ജനറൽ സെക്രട്ടറി റവ. ഡോ. ബേബി വറുഗീസ്, ഗ്ലോബൽ ട്രഷറർ ഏബ്രഹാം വറുഗീസ് തുടങ്ങിയ നാഷണൽ ഭാരവാഹികളും മീറ്റിംഗിൽ സന്നിഹിതരായിരുന്നു.




ശനിയാഴ്ച രാവിലെ മുതൽ വിവിധ മീറ്റിംഗുകൾ തുടരും. രാവിലെ 11 മുതൽ നടക്കുന്ന സെമിനാറിൽ വിവിധ വിഷയങ്ങളെക്കുറിച്ച് ബിമൽ ജോൺ, ജോയ് തുമ്പമൺ, റവ. ഡോ. ക്രിസ് ജാക്സൺ എന്നിവർ പ്രസംഗിക്കും.

ഉച്ചകഴിഞ്ഞു യുവജന മീറ്റിംഗുകൾ, സഹോദരിമാരുടെ സമ്മേളനങ്ങൾ, വൈകിട്ട് 6.30 നു പൊതുസമ്മേളനം എന്നിവ നടക്കും. ഞായറാഴ്ച രാവിലെ നടക്കുന്ന സഭായോഗത്തിൽ കർത്തൃമേശയും ഉണ്ടായിരിക്കും.





# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States NY, NJ, PA, & CT.**

StateFarm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489



Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support


Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

പുസ്തക പരിചയം – 15

# വെനീസിലെ പെൺകുട്ടി (കഥാസമാഹാരം) സാംസി കൊടുമൺ

**പുസ്തക പരിചയം തയ്യാറാക്കിയത് – ബാജി ഓടംവേലി, ഡാലസ്**

അമേരിക്കൻ മലയാളി എഴുത്തുകാരനായ സാംസി കൊടുമൺ തന്റെ കഥകളിലൂടെയും നോവലുകളിലൂടെയും മലയാള മണ്ണിന് സുപരിചിതനാണ്. സ്നേഹ ശൂന്യതയാണ് ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തം എന്നാണ് അദ്ദേഹം കഥകളിലൂടെ പങ്കുവെയ്ക്കുന്ന പ്രധാന ജീവിതവീക്ഷണം. അത് നാനാവിധമായ ജീവിത സാഹചര്യങ്ങളിലൂടെ കഥകളായി ആവിഷ്ക്കാരം കൊണ്ടിരിക്കുന്നു. രാഷ്ട്രീയം മതം കുടുംബം മുതലായ സാമുഹ്യ സ്ഥാപനങ്ങളിലെ എല്ലാ അപചയങ്ങൾക്കും മൂലഹേതു സ്നേഹരാഹിത്യമാണെന്ന് സാംസി സമർത്ഥിക്കുന്നു.


സ്വയം കുറ്റവിചാരണ ചെയ്യുന്ന കഥാപാത്രങ്ങൾ കഥകളിൽ പോലും അത്ര സാധാരണമല്ല. നിത്യ ജീവിതത്തിൽ അത്തരക്കാരെ തീരെ കണ്ടെത്താനാവില്ല. തന്നെത്തന്നെ ന്യായീകരിക്കുകയും തന്നെ കുറ്റപ്പെടുത്തുന്നവരെ അകറ്റി നിർത്തുകയും ചെയ്യുന്നവരാണ് അധികവും. സാംസിയുടെ മിക്ക കഥാപാത്രങ്ങളും തനിക്ക് പറ്റിപ്പോയ തെറ്റുകൾ തിരിച്ചറിയുകയും, സ്വയം വിമർശനം നടത്തുകയും ചെയ്യുന്നവരാണ്. സ്വന്തം ജീവിതത്തിലെ ദുരിതങ്ങൾക്കൊക്കെ മറ്റുള്ളവരാണ് ഉത്തരവാദികൾ എന്ന് തീർച്ചപ്പെടുത്തുന്നവരോട് നമ്മുടെ കഥാകാരൻ കഥകളിലൂടെ സംസാരിക്കുന്നു. കഥാപാത്രങ്ങളുടെ ഈ സ്വയവിമർശനം സമൂഹത്തെ നേരായ ദിശയിൽ ചലിക്കാൻ സഹായിക്കും.

‘തടാകക്കരയിലെ ദേശാടനക്കിളി‘ എന്ന കഥയിൽ എൺപതാമത്തെ ജന്മദിനത്തിന്റെ തലേന്ന് ആത്മനൊമ്പരങ്ങളുടെ മാറാപ്പുമായി, സ്വന്തമെന്ന് കരുതിയ വീട് വിട്ട് ഇറങ്ങുന്ന ഒരാളുടെ തിരിഞ്ഞുനോട്ടത്തിന്റെ കഥയാണ്. തിരിഞ്ഞു നോക്കുന്നത് തന്റെ വീട്ടിലേക്കും ജീവിതത്തിലേക്കുമാണ്. ഓരോ



ജന്മദിനവും ഓരോ നാഴികക്കല്ലുകളാണ്, പക്ഷേ അയാളുടെ ജീവിതത്തിൽ ഒന്നും അടയാളക്കല്ലുകളായി ശേഷിച്ചിട്ടില്ലെന്ന തിരിച്ചറിവ് അയാളെയും വായനക്കാരുടെ മനസ്സിനെയും വല്ലാതെ നൊമ്പരപ്പെടുത്തും.


അമേരിക്കയിലേക്ക് കുടിയേറിയ ഒരു മലയാളി കുടുംബത്തിന്റെ കഥയാണ് 'ജയിക്കാനായി ഒരു ജീവിതം'. അപ്പൻ, അമ്മ, രണ്ടു മക്കൾ. കുട്ടികളെ വളരെ പ്രതീക്ഷയോടെ എല്ലാ സാഹചര്യങ്ങളും ഒരുക്കിക്കൊടുത്ത് വളർത്തുന്നുവെങ്കിലും, പലകുടുംബങ്ങളിലും സംഭവിക്കുന്നതുപോലെ കാര്യങ്ങൾ വേഗത്തിൽ കൈവിട്ടു പോകുന്നു. മരുമക്കളായി വന്നത് നേപ്പാളുകാരിയും സ്പാനിഷുകാരിയുമാണ്. ചുറ്റിലും ഇരമ്പുന്ന ജീവിതം കണ്ടും കൊണ്ടും അനുഭവിക്കുന്ന കഥാകാരനെ ആധി കൊള്ളിക്കുന്നത് ബന്ധങ്ങളുടെ തകർച്ചയാണ്. എന്തുകൊണ്ട് വ്യക്തിബന്ധങ്ങളും കുടുംബബന്ധങ്ങളും ശിഥിലമായിപ്പോകുന്നു എന്ന് കൃത്യമായി അന്വേഷിക്കുന്നുണ്ട്.



'മോഹന വർമ്മയുടെ അമ്മ' എന്ന കഥ നടക്കുന്നത് അറബിനാട്ടിലാണ്. മണലാരണ്യത്തിലെ സുഖലോലുപതയുടെയും മോഹവലയത്തിന്റെയും ചതിക്കുഴികളുടെയും കഥ പറയുന്നു. ധനത്തിനു വേണ്ടി മൂല്യരഹിതമായി ജീവിക്കുന്നതിന്റെ നിഷ്ഫലത തെളിയിക്കുന്നു. ജീവിതത്തിന്റെ ധന്യത കുടികൊള്ളുന്നത് ധനത്തിലല്ല, പിന്നയോ മൂല്യങ്ങളിലാണെന്ന് കഥാകാരൻ ഊന്നിപ്പറയുന്നു. ബന്ധങ്ങളെ ഊട്ടി ഉറപ്പിക്കുന്നത് ഭൗതിക സൗകര്യമല്ല, സ്നേഹമാണ്.

'പ്രളയം മുതൽ പ്രളയം വരെ' എന്ന കഥയിൽ, മഹാപ്രളയത്തിന്റെ ശേഷിപ്പായ മൂന്നു ദിവസം പഴക്കമുള്ള ഒരു അമ്മച്ചിയുടെ മൃതശരീരവുമായി ഒരു യുവാവ് മോർച്ചറികൾ തോറും കയറിയിറങ്ങുന്നതും ശരീരം മറവു ചെയ്യാനായി ഒരു സ്ഥലം തേടി അലയുന്നതുമാണ് കഥാതന്തു. ആ നാട്ടിലെ മോർച്ചറികളൊക്കെ വെള്ളപ്പൊക്കത്തിൽ മരിച്ചവരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. സെമിത്തേരികളിലും പള്ളികളിലുമൊക്കെ ഇപ്പോഴും വെള്ളം കയറിക്കിടക്കുകയാണ്. ഈ അമ്മച്ചി അപ്പുവിന്റെ ആരും അല്ലെന്നും, താൻ രക്ഷിക്കാൻ ശ്രമിച്ചൊരാൾ മാത്രമാണെന്നും അറിയുമ്പോഴാണ് പ്രളയം വരുത്തിവെച്ച കെടുതികളുടെ ആഴവും മനുഷ്യത്വത്തിന്റെ ആഴവും തിരിച്ചറിയുന്നത്.

പുസ്തകത്തിന്റെ പേരുള്ള 'വെനീസിലെ പെൺകുട്ടി' എന്നത് ബാർബേറിയൻസ് റോമിനെ കീഴടക്കിയ കാലത്ത് അവിടെ നിന്നും രക്ഷപെട്ട് വെനീസിലെത്തിയ കുടുംബത്തിലെ ഇളംതലമുറക്കാരിമരിയ ഗ്രെഗറി എന്ന ടൂർ ഗൈഡിന്റെ ജീവിതമാണ്. വിനോദ സഞ്ചാരത്തിനെത്തിയ കഥാനായകനോട് വിലക്കുകൾ ലംഘിച്ച് തന്റെ ജീവിതം പറയുകയാണ്. പ്രതാപം നഷ്ടപ്പെട്ട വെനീസിന്റെ ചരിത്രം പറയുന്നതോടൊപ്പം അതു പറയാനുള്ള കാരണവും വ്യക്തമാകുന്നുണ്ട്. പെൺകുട്ടിയുടെ ഒരു മുതുമുത്തച്ഛൻ കറുത്ത പൊന്നു തേടി ഇന്ത്യയിൽ പോയതും കിഴക്കിന്റെ വെനീസായ ആലപ്പുഴയേക്കുറിച്ചു പറഞ്ഞറിഞ്ഞതും, കേരളീയനായ സഞ്ചാരിയോട് കഥ പറയാൻ കാരണമായി. ഫോണിൽ നിന്നും, പോകെപോകെ തിരിച്ചു വരാതായ മുതുമുത്തച്ഛന്റെ വരചിത്രം കാണിക്കുമ്പോൾ, അത് ആരെന്ന് അറിയുന്ന അത്ഭുതത്തിലാണ് നാം കഥയറിയുന്നത്. .





'പരിശുദ്ധ കുഞ്ഞപ്പി, ഒരു ലഘു ചരിത്രം' എന്ന കഥയിൽ കുഞ്ഞപ്പിച്ചായൻ എന്ന സാധു മനുഷ്യൻ മരണാനന്തരം അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദിവ്യനായിത്തീരുന്നു. വിശുദ്ധ

കുഞ്ഞപ്പി എന്ന പേരിനൊരു ഗാംഭീര്യക്കുറവുണ്ടെന്ന വിചാരത്തിൽ, കുഞ്ഞപ്പിയുടെ മാമോദീസപ്പേരായ സ്തേഫാനോസ് എന്ന പേരിൽ വിശുദ്ധനാക്കാൻ പള്ളിക്കമ്മറ്റി ആലോചിച്ചെങ്കിലും, പൊതുയോഗത്തിലെ പുറകുബഞ്ചുകാർ അതിന് സമ്മതിച്ചില്ല. പിൻബെഞ്ചിലാണെങ്കിലും തിരുത്തൽ ശക്തികൾ കാലത്തിന്റെ ആവശ്യമാണ്. കുഞ്ഞപ്പിച്ചായൻ കാണിച്ച എല്ലാ അത്ഭുതങ്ങളും പാവങ്ങളുടെ ഇടയിലായതിനാൽ, കുഞ്ഞപ്പി പാവങ്ങളുടെ പരിശുദ്ധനായി കുരിശടിയിൽ ഇന്നും വാഴുന്നു. ഈ കഥ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ മികച്ച ആക്ഷേപഹാസ്യമാണ്.

കഥാകൃത്തിന്റെ മതേതര ജനാധിപത്യം എന്ന രാഷ്ട്രീയം കഥകളിൽ വ്യക്തമായി വായിച്ചെടുക്കാനാവും. ഈ കഥാകാരനിൽ പ്രവർത്തിക്കുന്ന ശക്തികൾ രണ്ടാണ്, ക്രിസ്തുവും ഗാന്ധിയും. അദ്യത്തേത് മതനിരപേക്ഷമായ ആത്മീയതയുടെയും, രണ്ടാമത്തേത് മതനിരപേക്ഷമായ രാഷ്ട്രീയതയുടെയും. അതുകൊണ്ടുതന്നെ പൗരോഹിത്യത്തെ കടന്നാക്രമിക്കുന്ന കഥാകാരൻ, പുരോഹിതന്മാർ കുഞ്ഞാടുകളെ എങ്ങനെയാണ് ചൂഷണം ചെയ്യുന്നതെന്നും, രാഷ്ട്രീയക്കാർ എങ്ങനെയാണ് സമൂഹത്തിൽ മത വർഗ്ഗീയത കുത്തി വെക്കുന്നതെന്നും തുറന്നു കാണിക്കുന്നു. ' എന്റെ ക്രിസ്തു ..., അങ്ങയുടെ മഹാപുരോഹിതന്മാർ - സമാധാനത്തിന്റെ വെൺപ്രാവുകൾ എങ്ങനെ അസമാധാനത്തിന്റെ കഴുകന്മാരായി ?' എന്ന് 'കാലൻകോഴികൾ' എന്ന കഥയിൽ ചോദിക്കുന്നുണ്ട്.

പ്രമേയ വൈവിധ്യം ഈ കഥകളുടെ എടുത്തു പറയേണ്ട ഒരു പ്രത്യേകതയാണ്. പാശ്ചാത്യ നാടുകളിലെന്ന പോലെ അറബുനാടുകളിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ഈ കഥയുടെ പരിസരമായി വരുന്നുണ്ട്.

എം. എൻ. കാരശ്ശേരി അവതാരിക എഴുതിയിരിക്കുന്ന ഈ സമാഹാരത്തിൽ, ജോർജ്ജ് ആറാമന്റെ പരിണാമം, അംശീകരിക്കപ്പെട്ടവരുടെ ശോഭയാത്ര, അത്താഴമേശയിലെ ഒറ്റുകാരൻ, ഒരു യുക്തിവാദിയുടെ ആത്മാവ് ഒരു വൈദികന്റെ ജഡത്തെ കണ്ടുമുട്ടിയപ്പോൾ, തുടങ്ങി 17 കഥകൾ ഉൾപ്പെടുത്തിയിരിക്കുന്നു. കവി സെബാസ്റ്റന്റെ ഉടമസ്ഥതയിലുള്ള കൊടുങ്ങല്ലൂർ നിന്നുള്ള പുലിറ്റ്സർ ബുക്ക്സാണ് 174 പേജുള്ള ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. വില 200 രൂപ.




**സാംസി കൊടുമൺ**

1955 ൽ പത്തനംതിട്ട ജില്ലയിലെ കൊടുമണ്ണിൽ ജനിച്ചു. നാലു പതിറ്റാണ്ടായി അമേരിക്കയിലുള്ള എഴുത്തുകാരൻ ഇപ്പോൾ ന്യൂയോർക്കിൽ താമസിക്കുന്നു. വിചാരവേദി, കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക, ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന) തുടങ്ങിയ സാഹിത്യ സാംസ്കാരിക സംഘടനകളിൽ പ്രവർത്തിക്കുന്നു. ലാനയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. ഫൊക്കാന, ലാന, ജനനി, മാം, കേരള കൾച്ചറൽ അസോസിയേഷൻ, കേരള സെന്റർ, തൂടങ്ങിയവയുടെ സാഹിത്യ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

രാത്രി വണ്ടിയുടെ കാവൽക്കാരൻ, യിസ്മയേലിന്റെ സങ്കീർത്തനം, വെനീസിലെ പെൺകുട്ടി എന്നീ കഥാസമാഹാരങ്ങളും; പ്രവാസിയുടെ ഒന്നാം പുസ്തകം, മോശയുടെ വഴികൾ, ഉഷ്ണക്കാറ്റ് വിതച്ചവർ, ക്രൈം ഇൻ 1619 എന്നീ നോവലുകളും പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രവാസിയുടെ ഒന്നാം പുസ്തകം എന്ന നോവൽ ഠവല എശൃെ ആീീസ ീള അി ഋഃശഹല എന്ന പേരിൽ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പിതാവ് :- ചെറിയമത്തായി, മാതാവ് :- കുഞ്ഞാമ്മ മത്തായി, ഭാര്യ :- എലിസബേത്ത് ശമുവേൽ, മക്കൾ :- ഡെന്നി, ധന്യ, ദിവ്യ. email : samcykodumon@hotmail.com


Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA


emalayalee.com
GREAT
NEWS!
Now You Can
INSTANTLY
PLACE YOUR ADVT or
BOOK YOUR AD SPACE
on eMalayalee.com
Just Click
eMalayalee.com/Advertise

# ഫൊക്കാന സാഹിത്യസമ്മേളനത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

## കോരസൺ വർഗീസ് (സാഹിത്യ സമ്മേളന ചെയർമാൻ)

ഫൊക്കാന(Fokana) ഇന്റർനാഷണൽ കൺവൻഷനിൽ പെന്സിൽ വാനിയയിലെ കലഹാരി റിസോർട്ടിൽ വെച്ചു 2026 ആഗസ്ത് 6 മുതൽ 8 (വ്യാഴം, വെള്ളി, ശനി) വരെ നടത്തപ്പെടുന്നു. ഫൊക്കാന സമ്മേളനത്തോടനുബന്ധിച്ചു നടത്തപ്പെടുന്ന സാഹിത്യ സമ്മേളനത്തിനു ഒരുക്കങ്ങൾ പൂർത്തിയായി, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ എന്നിവർ അറിയിച്ചു.

അമേരിക്കയിലെ മലയാളം എഴുത്തുകാരെ പോത്സാഹിപ്പിക്കുന്നതിനായി, വിവിധ സാഹിത്യ മേഖലയിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾക്ക് ഉള്ള അവാർഡുകൾ ഉടൻ പ്രഖ്യാപിക്കും. അവാർഡുകൾ കൺവൻഷൻ ചടങ്ങുകളിൽവച്ചു സമ്മാനിക്കപ്പെടും. അവാർഡുകൾക്ക് രചനകൾ ക്ഷണിച്ചപ്പോൾ അഭൂതപൂർവമായ പ്രതികരണമാണ് ലഭിച്ചത്. തിരഞ്ഞെടുത്ത കൃതികൾ വിലയിരുത്തുന്നതിനും അവാർഡുകളുടെ സുതാര്യതയും മൂല്യതയും ഉറപ്പാക്കുന്നതിനായി അവാർഡ് സമിതി അക്ഷീണം പ്രവർത്തിച്ചു.

കേരളത്തിൽ നിന്നെത്തുന്ന പ്രശസ്ത സാഹിത്യകാരന്മാരും എഴുത്തുകാരായ അടൂർ ഗോപാലകൃഷ്ണൻ, ടി.ഡി.രാമകൃഷ്ണൻ, കെ.വി. മോഹൻ കുമാർ ഐ.എ. എസ്, ജോസ് പനച്ചിപ്പുറം, പ്രമീളാദേവി, എന്നിവർ ഫൊക്കാന സാഹിത്യ കൺവൻഷനിൽ പങ്കെടുക്കുന്നു. 'അതിരുകൾ കടന്ന് മലയാളം, പ്രവാസ സാഹിത്യത്തിന്റെ വർത്തമാനവും ഭാവിയും' എന്ന വിഷയത്തിൽ പ്രഭാഷണങ്ങളും ചർച്ചകളും നടത്തപ്പെടും.

ആഗസ്ത് 7 വെള്ളിയാഴ്ച നടത്തപ്പെടുന്ന സമ്മേളങ്ങളിൽ കേരളത്തിനപ്പുറമുള്ള മലയാള സാഹിത്യം, പ്രവാസ എഴുത്തുകാരന്റെ സ്ഥാനം, സത്വം, അംഗീകാരം, സാഹിത്യത്തിനുള്ള വിശ്വസ്തത, നിർമ്മിതബുദ്ധിയുടെ സ്വാധീനം എന്നീ വിഷയങ്ങൾ ചർച്ചചെയ്യപ്പെടും.

ഗീത ജോർജ്ജ് (കോഓർഡിനേറ്റർ), മുരളി നായർ, കെ കെ ജോൺസൺ

(അസ്സോസിയേറ്റ് ചെയർ ), കോരസൺ വർഗീസ് (ചെയർമാൻ) എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പൂർത്തിയായി.

മലയാള സാഹിത്യത്തെത്തെയും ഭാഷാസ്നേഹികളെയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നോർത്ത് അമേരിക്കയിലെയും കാനഡയിലെയും ഉള്ള മലയാളി ഏഴുത്തുകാരുടെ പുസ്തകപ്രദർശനം നടത്തുന്നു. അതിലേക്ക് സാഹിത്യകാരനായ അബ്ദുൾ പുന്നയൂർക്കുളത്തിന്റെ പേരിൽ അമേരിക്കയിലും കാനഡയിലും വസിക്കുന്ന എഴുത്തുകാരുടെ ഓരോ കൃതി അയച്ചു തരുവാൻ താത്പര്യപ്പെടുന്നു. കൃതികൾ അയച്ചു തരേണ്ട വിലാസം: M.N. Abdutty, 25648 Salem Roseville, Michigan, 48066 USA, Tel: 586 636 2058.






# നാമം എക്സലൻസ് അവാർഡ് ഓഗസ്റ്റ് 2ന്;

## എട്ട് മേഖലകളിലെ മികവുകൾക്ക് ആദരം, ആദ്യമായി ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരവും



emalayalee.com

ന്യൂയോർക്ക്: നോർത്ത് അമേരിക്കൻ മലയാളികളുടെ സാംസ്കാരിക സംഘടനയായ നാമം (നോർത്ത് അമേരിക്കൻ മലയാളീസ് ആൻഡ് അസോസിയേറ്റഡ് മെംബേർസ്) സംഘടിപ്പിക്കുന്ന ഒമ്പതാമത് നാമം എക്സലൻസ് അവാർഡ് ഗാലാ ഞായറാഴ്ച, ഓഗസ്റ്റ് 2-ന് വൈകിട്ട് 5 മണിക്ക്, ന്യൂജഴ്സിയിലെ റോയൽ ആൽബർട്ട് പാലസിൽ (Royal Albert's Palace, 1050 King Georges Post Rd, Fords, NJ 08863) നടക്കും. ചടങ്ങിന്റെ പ്രഖ്യാപനവും പുരസ്കാര ജേതാക്കളുടെ വിവരങ്ങളും, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ന്യൂയോർക്ക് ചാപ്റ്റർ സംഘടിപ്പിച്ച വാർത്താസമ്മേളനത്തിൽ നാമം ഭാരവാഹികൾ വിശദീകരിച്ചു.

ഇന്ത്യ പ്രസ് ക്ലബ്ബ് ന്യു യോർക്ക് ചാപ്റ്റർ പ്രസിഡന്റ് സജി എബ്രഹാം ആമുഖ പ്രസംഗം നടത്തി. നാഷണൽ പ്രസിഡന്റ് രാജു പള്ളത്ത് ഏവരെയും സ്വാഗതം ചെയ്തു.

വാർത്താസമ്മേളനത്തിൽ സംസാരിച്ച നാമം സ്ഥാപക ചെയർമാൻ മാധവൻ നായർ, സംഘടനയുടെ വളർച്ചയ്ക്കും പ്രവർത്തന മികവിനും പിന്നിൽ പ്രവർത്തിച്ച മുഴുവൻ അംഗങ്ങളെയും അഭിനന്ദിച്ചു. 2010-ൽ ആരംഭിച്ച നാമം ഇന്ന് വിവിധ പ്രദേശങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ടെന്നും, ഓരോ വർഷവും സമൂഹത്തിലെ വിവിധ മേഖലകളിൽ അസാധാരണ സംഭാവനകൾ നൽകിയ വ്യക്തികളെ കണ്ടെത്തി ആദരിക്കുന്നതിലൂടെ മികവിനെ പ്രോത്സാഹിപ്പിക്കുകയാണ് സംഘടനയുടെ ലക്ഷ്യമെന്നും മാധവൻ നായർ പറഞ്ഞു.

മറ്റു പുരസ്കാരങ്ങളിൽ നിന്ന് നാമം എക്സലൻസ് അവാർഡിനെ വ്യത്യസ്തമാക്കുന്നത് അതിന്റെ തിരഞ്ഞെടുപ്പ് പ്രക്രിയയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വിവിധ മേഖലകളിലെ വിദഗ്ധരെയും വിശ്വാസ്യതയുള്ള സ്രോതസുകളെയും




ഉൾപ്പെടുത്തി പ്രൊഫഷണൽ രീതിയിൽ ജേതാക്കളെ കണ്ടെത്തുകയും അവരുടെ നേട്ടങ്ങളെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും ചെയ്യുന്ന സംവിധാനമാണ് പിന്തുടരുന്നത്. മികവിനെ പ്രോത്സാഹിപ്പിക്കുകയും പുതിയ തലമുറയെ പ്രചോദിപ്പിക്കുകയും ചെയ്യുക എന്നതാണ് പുരസ്കാരത്തിന്റെ പ്രധാന ലക്ഷ്യം.

ഈ വർഷം ആദ്യമായി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ഏർപ്പെടുത്തുന്നുവെന്നതാണ് പ്രത്യേകത. ആറു പതിറ്റാണ്ടിലേറെയായി ഇന്ത്യയിലും വിദേശത്തും, ഓങ്കോളജി രംഗത്ത് ശ്രദ്ധേയമായ സേവനം അനുഷ്ഠിച്ച പ്രമുഖ കാൻസർരോഗ വിദഗ്ധനും സാംസ്കാരിക നായകനുമായ ഡോ. എം.വി. പിള്ളയാണ് ഈ ബഹുമതിക്ക് അർഹനായത്.

ഒമ്പതാമത് നാമം എക്സലൻസ് അവാർഡിൽ വിവിധ മേഖലകളിലെ ജേതാക്കൾ : പത്മശ്രീ എച്ച്. ആർ. ഷാ (മാധ്യമ പ്രവർത്തനം), കേണൽ വീരേന്ദ്ര തവാതിയ (പൊതുസേവനം, ജീവകാരുണ്യ പ്രവർത്തനം), ഡോ. സജിമോൻ ആന്റണി (സാമൂഹിക നേതൃത്വം), ഡോ.മാത്യു കെ. ഐസക് (സാഹിത്യം), കിഷോർ വാരിയത്ത് (സംരംഭകത്വം), പണ്ഡിറ്റ് ശ്രീ രഘു ശങ്കരമഞ്ചി (സാമൂഹിക സേവനം), ഡോ. നന്ദിനി മേനോൻ (വിദ്യാഭ്യാസം), സ്പർശ് ഷാ (അതുല്യ പ്രതിഭ) എന്നിവരാണ്.

ഇതുകൂടാതെ ജൂറിയുടെ പ്രത്യേക സൈറ്റേഷൻ അവാർഡുകൾ ജോർജ്ജ് ജോസഫ്, സുനിൽ ട്രൈസ്റ്റാർ, തബല വാദനത്തിനു കേന്ദ്ര അക്കാദമി അവാർഡ് നേടിയ ടി.എസ്. നന്ദകുമാർ എന്നിവർക്കും നൽകുമെന്ന് ഭാരവാഹികൾ അറിയിച്ചു.

അമേരിക്കൻ ഐക്യനാടുകൾ സ്വാതന്ത്ര്യ പ്രാപ്തിയുടെ ഇരുനൂറ്റമ്പതാം വാർഷികം കൊണ്ടാടുന്നതിന്റെ ഭാഗമായി, 'നാമം ലെഗസി എഡിഷൻ' എന്ന കോഫി ടേബിൾ ബുക്ക് അണിഞ്ഞൊരുങ്ങുന്നെന്ന് 'നാമം പ്രസിഡന്റ് പ്രദീപ് മേനോൻ അറിയിച്ചു.

തിരഞ്ഞെടുക്കപ്പെടുന്ന 40 പേരുടെ ജീവിതയാത്ര, 'നാമം ലെഗസി എഡിഷനിൽ', പ്രൊഫഷണൽ രീതിയിലുള്ള എഴുത്തിലൂടെയും, സിനിമാറ്റിക് ഫോട്ടോഗ്രാഫിയിലൂടെയും, കാത്തുസൂക്ഷിക്കും. നാമം നെറ്റ്വർക്കിലുടനീളം അഞ്ചുലക്ഷത്തിലധികം ആളുകളിലേക്ക് എത്തുന്ന, സോഷ്യൽ മീഡിയ കാമ്പെയ്നുകളും, ഈ ചരിത്ര പതിപ്പിന്റെ ഭാഗമാകും. നാമം പ്ലാറ്റ്ഫോമിലുള്ള സ്ഥിരമായ ഡിജിറ്റൽ ആർക്കൈവും ഈ അംഗീകാരങ്ങൾക്ക് മാറ്റുകൂട്ടും എന്ന് നാമം സെക്രട്ടറി ബിന്ദു സത്യ പറഞ്ഞു.

പുരസ്കാരച്ചടങ്ങിനോടനുബന്ധിച്ച്, അന്തർദേശീയ നിലവാരത്തിലുള്ള കലാപരിപാടികളും പ്രത്യേക നൃത്താവിഷ്കാരങ്ങളും സംഗീതവിരുന്നും ഒരുക്കിയിട്ടുണ്ട്. പ്രത്യേക ബാൻഡിന്റെ സംഗീതാവതരണവും ചടങ്ങിന്റെ ഭാഗമാകുമെന്നും ബിന്ദു സത്യ അറിയിച്ചു.

ചടങ്ങിന്റെ വിജയത്തിനായി കഴിഞ്ഞ നിരവധി ആഴ്ചകളായി സെക്രട്ടറി, ട്രഷറർ,

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടുന്ന വലിയ സംഘം ആത്മാർത്ഥമായി പ്രവർത്തിക്കുകയാണെന്ന്, നാമം പ്രസിഡന്റ് പ്രദീപ് മേനോൻ പറഞ്ഞു. നാമം എക്സലൻസ് അവാർഡ് നിശയുടെ വിജയത്തിന് മാധ്യമങ്ങളുടെയും സമൂഹത്തിന്റെയും അനിവാര്യമായ പിന്തുണ അദ്ദേഹം അഭ്യർത്ഥിച്ചു.




സമൂഹത്തിനുവേണ്ടി മികച്ച സേവനം ചെയ്യുന്ന വ്യക്തികളെ കണ്ടെത്തി ആദരിക്കുന്നത് നാമത്തിന്റെ പ്രധാന ദൗത്യങ്ങളിലൊന്നാണെന്ന് നാമം ട്രഷറർ സിറിയക്ക് എബ്രഹാം പറഞ്ഞു. നാമം എക്സലൻസ് അവാർഡ് ഗാല കൂടുതൽ ഭംഗിയായി നടത്താൻ എല്ലാവരുടെയും സഹകരണം ട്രഷറർ സിറിയക്ക് എബ്രഹാം അഭ്യർത്ഥിച്ചു.

നാമം അവാർഡ് സമ്മേളനം ഗംഭീരമാക്കുന്നതിനു വേണ്ടി ഊർജ്ജസ്വലരായ നാമം അംഗങ്ങൾ, രാവും പകലും പ്രവർത്തിക്കുകയാണെന്നും എല്ലാവരും പങ്കെടുത്ത് പരിപാടി വിജയിപ്പിക്കണമെന്നും യൂത്ത് ചെയർ ഹരികൃഷ്ണൻ അഭ്യർത്ഥിച്ചു.

സമൂഹസേവനം, മികവ്, യുവജനശാക്തീകരണം, സാംസ്കാരിക ഐക്യം എന്നിവ ഒരേ വേദിയിൽ ആഘോഷിക്കുന്ന സമ്മേളനമായിരിക്കും ഒമ്പതാമത് നാമം എക്സലൻസ് അവാർഡ് ഗാലാ എന്ന് പി ആർ ഓ ജോർജ് നടവയൽ പറഞ്ഞു.

പുരസ്കാരദാന ചടങ്ങിൽ ഒതുങ്ങുന്നതല്ല നാമത്തിന്റെ പ്രവർത്തനങ്ങളെന്ന് മാധവൻ നായർ ചൂണ്ടിക്കാണിച്ചു. യുവജന നേതൃത്വ വികസനം, ക്വിസ് മത്സരങ്ങൾ, പ്രസംഗ മത്സരങ്ങൾ, മെന്ററിംഗ്, കൗൺസിലിംഗ്, അക്കാദമിക് പരിശീലനങ്ങൾ തുടങ്ങിയ നിരവധി പദ്ധതികൾ സംഘടന നടപ്പാക്കിവരുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഇന്ത്യൻ വംശജരായ യുവാക്കളെ സമൂഹനേതൃത്വത്തിലേക്ക് വളർത്തിക്കൊണ്ടുവരിക എന്നതാണ് ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. നാമം, മലയാളികൾ ആരംഭിച്ച സംഘടനയായിരുന്നെങ്കിലും ഇന്ന് അത് എല്ലാ ഇന്ത്യൻ സമൂഹത്തിനും തുറന്നിട്ട വേദിയായി വളർന്നുവെന്ന് മാധവൻ നായർ വ്യക്തമാക്കി. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള അംഗങ്ങളും മിശ്രകുടുംബങ്ങളും സംഘടനയുടെ ഭാഗമാണ്.

അവാർഡ് ചടങ്ങിൽ ക്ഷണിക്കപ്പെട്ട ഏകദേശം 500 വിശിഷ്ട വ്യക്തികൾ പങ്കെടുക്കുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ.

പത്ര സമ്മേളനത്തിൽ ജോസ് കാടാപ്പുറം, സുനിൽ ട്രൈസ്റ്റാർ, പ്രതാപൻ, ബിനു, ഷിജോ പൗലോസ്, തുടങ്ങിയവരും പങ്കെടുത്തു.



NRSPAY®

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।




- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# പുരസ്കാരത്തിളക്കത്തിൽ 'ദ ബെറ്റർ ഹാഫ്'; അറ്റ്ലാന്റ സിനിമ ടാക്കീസിന്റെ 15 – ാം ഹ്രസ്വചിത്രം ശ്രദ്ധ നേടുന്നു





അറ്റ്ലാന്റ: വ്യത്യസ്തമായ പ്രമേയവും അവതരണത്തിലെ പുതുമയും സാങ്കേതിക മികവും കൊണ്ട് ശ്രദ്ധ നേടുകയാണ് സച്ചിത് റാം സംവിധാനം ചെയ്ത മലയാള ഹ്രസ്വചിത്രം 'ദ ബെറ്റർ ഹാഫ്'. സച്ചിത്തിന്റെ പ്രഥമ സംവിധാനസംരംഭമായ ചിത്രം, അറ്റ്ലാന്റ സിനിമ ടാക്കീസിന്റെ പതിനഞ്ചാമത്തെ നിർമാണമാണ്. സൈന മൂവീസിന്റെ യൂട്യൂബ് ചാനലിലൂടെയാണ് ചിത്രം പ്രേക്ഷകരിലേക്ക് എത്തിയിരിക്കുന്നത്.

'ബെറ്റർ ഹാഫ്' എന്ന പരിചിതമായ പ്രയോഗത്തെ അപ്രതീക്ഷിതമായ അർഥതലങ്ങളിലേക്ക് കൊണ്ടുപോകുന്ന ചിത്രം, വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ ശക്തമായ കഥാനുഭവമാണ് സമ്മാനിക്കുന്നത്. കഥയിലെ നിർണായക വഴിത്തിരിവുകൾ മുൻകൂട്ടി വെളിപ്പെടുത്താതെ, അവസാന നിമിഷംവരെ പ്രേക്ഷകരെ ഉദ്വേഗത്തിൽ

നിർത്തുന്ന രീതിയിലാണ് ചിത്രം ഒരുക്കിയിരിക്കുന്നത്.

മനു എന്ന കേന്ദ്രകഥാപാത്രത്തെ ചിത്രത്തിന്റെ നിർമാതാവുകൂടിയായ ശ്യാം കൃഷ്ണ അവതരിപ്പിക്കുന്നു. ചിത്രത്തിന്റെ ഭൂരിഭാഗവും ഒറ്റയ്ക്ക് സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന കഥാപാത്രത്തിന്റെ ഭാവമാറ്റങ്ങളും സംഘർഷങ്ങളും നിയന്ത്രിതമായ അഭിനയത്തിലൂടെ ശ്യാം അവതരിപ്പിച്ചിരിക്കുന്നു. മനുവിന്റെ ഭാര്യ ദിവ്യയ്ക്ക് ലക്ഷ്മി ഗീത ശബ്ദം നൽകിയിരിക്കുന്നു. ദൃശ്യത്തിൽ പ്രത്യക്ഷപ്പെടാതെയും കഥയുടെ വൈകാരികതയും ഉദ്വേഗവും നിർണയിക്കുന്ന ശക്തമായ സാന്നിധ്യമായി ദിവ്യ മാറുന്നു.




ആറു മിനിറ്റിൽ താഴെ ദൈർഘ്യമുള്ള ചിത്രത്തിന്റെ ഉദ്വേഗഭരിതമായ ക്ലൈമാക്സും ഉയർന്ന പ്രൊഡക്ഷൻ നിലവാരവും ഇതിനകം പ്രേക്ഷകപ്രശംസ നേടിയിട്ടുണ്ട്. വിവിധ തൊഴിൽമേഖലകളിൽ പ്രവർത്തിക്കുന്ന, സിനിമയോടുള്ള അഭിനിവേശം പങ്കിടുന്ന ഒരുകൂട്ടം സുഹൃത്തുക്കളുടെ കൂട്ടായ പരിശ്രമമാണ് ചിത്രത്തിന്റെ പിന്നിൽ.

ന്യൂജേഴ്സിയിൽ നടന്ന ഈ വർഷത്തെ മിത്രാസ് ഫിലിം അവാർഡ്സിൽ മികച്ച രണ്ടാമത്തെ അഭിനേതാവിനും മികച്ച രണ്ടാമത്തെ ഛായാഗ്രാഹകനുമുള്ള പുരസ്കാരങ്ങൾ ചിത്രം സ്വന്തമാക്കി. കൂടാതെ, ഫോളോ യുവർ ഹാർട്ട് ന്യൂയോർക്ക് ഫിലിം ഫെസ്റ്റിവലിൽ ഫൈനലിസ്റ്റായും ചിത്രം

തിരഞ്ഞെടുക്കപ്പെട്ടു. ഇംഗ്ലീഷ് സബ്ടൈറ്റിലുകൾ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ മലയാളം അറിയാത്ത പ്രേക്ഷകർക്കും ചിത്രം ആസ്വദിക്കാനാകും.

സജീവ് സേതു, സച്ചിത് റാം, ഉണ്ണി കെ. വള്ളത്ത് എന്നിവർ ചേർന്നാണ് ചിത്രത്തിന്റെ തിരക്കഥ ഒരുക്കിയത്. അനീഷ് ജേക്കബ് ഛായാഗ്രഹണവും എഡിറ്റിങ്ങും നിർവഹിച്ചു. പരിമിതമായ കഥാപാത്രങ്ങളെയും ലൊക്കേഷനുകളെയും ദൃശ്യപരമായി ആകർഷകമാക്കുന്നതിൽ ഛായാഗ്രഹണവും ചിത്രസംയോജനവും നിർണായക പങ്കുവഹിക്കുന്നു. വിഷ്ണു ശേഖരയുടെ ഒറിജിനൽ സ്കോർ ചിത്രത്തിന്റെ ദുരൂഹവും സംഘർഷഭരിതവുമായ അന്തരീക്ഷത്തിന് കൂടുതൽ തീവ്രത നൽകുന്നു.

ഉണ്ണി കെ. വള്ളത്ത് ചീഫ് അസോസിയേറ്റ് ഡയറക്ടറായും വിഷ്വൽ ഇഫക്ട്സ് സൂപ്പർവൈസറായും പ്രവർത്തിച്ചു. സജീവ് സേതു ഒന്നാം അസിസ്റ്റന്റ് ഡയറക്ടറായും വിജു കൃഷ്ണൻ പ്രൊഡക്ഷൻ മാനേജറും സ്ക്രിപ്റ്റ് സൂപ്പർവൈസറായും പ്രവർത്തിച്ചു. മേക്കപ്പും പ്രൊഡക്ഷൻ അസിസ്റ്റൻസും പ്രസീത സന്ദീപ് നിർവഹിച്ചു.


കൊച്ചിയിലെ സ്റ്റുഡിയോ ഹ്യൂവിലാണ്'' ചിത്രത്തിന്റെ കളറിങ്ങും ഡിജിറ്റൽ ഇന്റർമീഡിയറ്റ് പ്രവർത്തനങ്ങളും പൂർത്തിയാക്കിയത്. എബിൻ ഫിലിപ്പ് കളറിസ്റ്റായും വിഷ്ണു സന്തോഷ് അസിസ്റ്റന്റ് കളറിസ്റ്റായും ശ്യാംലാൽ പി.എസ്.കൺഫോമിസ്റ്റായും പ്രവർത്തിച്ചു. ചിത്രത്തിന്റെ ഓഡിയോഗ്രഫി നിർവഹിച്ചത് അരുൺ അശോകാണ്.നോയിസ് വില്ല സ്റ്റുഡിയോസിലാണ് സൗണ്ട് പോസ്റ്റ് പ്രൊഡക്ഷൻ പൂർത്തിയാക്കിയത്.

പാണ്ഡ്യൻ ആർ. ഫോളി സൂപ്പർവൈസറായും ഫോളി ആർട്ടിസ്റ്റായും പ്രവർത്തിച്ചു. രാഗേഷ് നാരായണൻ ഫോളി റെക്കോർഡിങ്ങും എഡിറ്റിങ്ങും നിർവഹിച്ചു. ഫോളി ക്രാഫ്റ്റ്സ് സ്റ്റുഡിയോയിലാണ് ഫോളി പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്.

ചുരുങ്ങിയ ദൈർഘ്യത്തിനുള്ളിൽ ശക്തമായ സിനിമാനുഭവം സമ്മാനിക്കുന്ന 'ദ ബെറ്റർ ഹാഫ്', പുരസ്കാരനേട്ടങ്ങളിലൂടെ അമേരിക്കൻ മലയാളി ചലച്ചിത്രപ്രവർത്തനങ്ങൾക്ക് അഭിമാനമായി മാറുകയാണ്. അവസാന ഫ്രെയിമിന് ശേഷവും പ്രേക്ഷകനെ വിട്ടൊഴിയാത്ത ഉദ്വേഗമാണ് ചിത്രത്തിന്റെ യഥാർത്ഥ കരുത്ത്.




FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN




**ABEL'S GARDEN PVT LTD**

**Karimannoor P.O. Thodupuzha, Idukki,**

**Kerala, India PIN. 685581**

**Email/ Phone : hello@abelsgarden.in**

**Tel:+917034413000, +917034643000, +919778050077**

# തോമാ ശ്ലീഹയുടെ വിശ്വാസവും ധൈര്യവും ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ മുഖ മുദ്ര : ബിഷപ്പ് മാർ മാത്യു നെല്ലിക്കുന്നേൽ



**റോയ് ആന്റണി**

ന്യൂ യോർക്ക് : ഇന്ത്യാ കാത്തലിക് അസ്സോസ്സിയേഷൻ ഓഫ് അമേരിക്കയുടെ ആഭിമുഖ്യത്തിൽ ലോങ്ങ് ഐലൻഡ് ന്യൂ ഹൈഡ് പാർക്ക് ഹോളി സ്പിരിറ്റ് ദേവാലയത്തിൽ വച്ചു ദുക്റാന തിരുനാൾ ഭക്തി സാന്ദ്രമായി ആഘോഷഷിച്ചു.

ഗോരഖ്പുർ രൂപത അധ്യക്ഷൻ ബിഷപ്പ് മാർ മാത്യു നെല്ലിക്കുന്നേലിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയിൽ ലോങ്ങ് ഐലൻഡ് സെന്റ് മേരീസ് പള്ളി വികാരി ഫാദർ ജോൺസ്റ്റി താച്ചാറ, ന്യൂ ജേഴ്സി പാറ്റേഴ്സൺ പള്ളിവികാരി ഫാദർ സിമ്മി തോമസ്, ജ്യോതിദർശന കൗൺസിലിങ് സെന്റർ സ്ഥാപക ഡയറക്ടർ ഫാദർ ജോസ് മാപ്പിളമാട്ടേൽ എന്നിവർ സഹ കാർമ്മികനായിരുന്നു. ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാ ശ്ലീഹയുടെയും ഭാരതത്തിന്റെ ആദ്യ വിശുദ്ധനായ ചാവറ കുറിയാക്കോസ് ഏലിയാസ് അച്ചന്റെയും തിരുനാളുകൾ സംയുക്തമായിട്ടാണ് ആഘോഷിച്ചത്.

ആഘോഷമായ വിശുദ്ധ കുർബാനക്കുശേഷം ഭക്തി

സാന്ദ്രമായ ജപമാല പ്രദക്ഷിണം നടന്നു. അലക്സ് മനാളിൽ, മേരിക്കുട്ടി മൈക്കിൾ, അശ്വിൻ, ജോസ് കുര്യൻ തുടങ്ങിവർ നേതൃത്വംനൽകിയ കൊയർ ബലിയർപ്പണം കൂടുതൽ ഭക്തിസാന്ദ്രമാക്കി. ഇന്ത്യാ കാത്തലിക് അസോസിയേഷനോടൊപ്പം സെന്റ് മേരീസ് സിറോ മലബാർ കമ്മ്യൂണിറ്റിയും തിരുനാളിന് നേതൃത്വം വഹിച്ചു.

വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം സോഷ്യൽ ഹാളിൽ നടന്ന പൊതുസമ്മേളനത്തിൽ ഇന്ത്യാ കാത്തലിക് അസോസിയേഷൻ പ്രസിഡന്റ് ജോസഫ് മാത്യു ഇഞ്ചക്കൽ അധ്യക്ഷത വഹിച്ചു. ബിഷപ്പ് മാർ മാത്യു നെല്ലിക്കുന്നേൽ സെന്റ് തോമസ് ദിന സന്ദേശം നൽകി. 'നമുക്കും അവനോടൊപ്പം പോയി മരിക്കാം' എന്ന തോമാ ശ്ലീഹയുടെ യേശുവിലുള്ള അചഞ്ചലമായ സ്ഥൈര്യവും തീക്ഷ്ണമായ വിശ്വാസവുമാണ് നമ്മുടെ പാരമ്പര്യം. ഏറ്റം വിദൂര ദേശത്ത് ദുർഘടമായ സാഹചര്യങ്ങളെ നേരിട്ട് ക്രിസ്തു സന്ദേശവുമായി എത്തിയ അപ്പസ്തോലനാണ് തോമാ ശ്ലീഹ. സപ്ത സഗരങ്ങളും കടന്ന് അമേരിക്കയിൽ എത്തിയിട്ടും തോമാ ശ്ലീഹയുടെ വിശ്വാസവും പാരമ്പര്യവും കാത്തു സൂക്ഷിക്കുവാൻ പിറവിയെടുത്ത ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ ചാരിറ്റി പ്രവർത്തനങ്ങൾ സമൂഹത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് ഒരു കൈത്താങ്ങാണെന്നും പ്രേഷിത പ്രവർത്തനങ്ങൾക്ക് നിങ്ങൾ നൽകുന്ന സഹായം അപ്പസ്തോല പ്രവർത്തനങ്ങൾ തന്നെയാണെന്നും ബിഷപ്പ് നെല്ലിക്കുന്നേൽ പ്രശംസിച്ചു. ക്രിസ്തുവിന്റെ സാഹോദര്യ ദൗത്യം വഹിക്കുന്ന കാത്തലിക് അസോസിയേഷന്റെ പ്രവർത്തനങ്ങൾ ഇന്നും പ്രസക്തവും സഭക്കും സമൂഹത്തിനും മുതൽക്കൂട്ടാണെന്നും ബിഷപ്പ് മാർ നെല്ലിക്കുന്നേൽ ആശംസിച്ചു .

യോഗത്തിൽ ഇന്ത്യാ കാത്തലിക് ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ ആന്റോ വർക്കി കണ്ണാടൻ ആശംസകൾ നേർന്നു. തോമാ ശ്ലീഹയുടെ നിർഭയത്വവും മൈലാപ്പൂരിലെ രക്ത സാക്ഷിത്വവും മലയാറ്റൂരിലെ വിശുദ്ധന്റെ ദീപ്തമായ സ്മരണകളും നമ്മുടെ വിശ്വാസത്തെ കൂടുതൽ ദൃഢപ്പെടുത്തുന്നുവെന്ന് ആന്റോ വർക്കി അഭിപ്രായപ്പെട്ടു.

ചാരിറ്റി പ്രവർത്തനത്തിന്റെ തുടർച്ചയായി , അസോസിയേഷൻ ഭാരവാഹികളുടെ സാന്നിധ്യത്തിൽ പ്രസിഡന്റ് ജോസഫ് മാത്യു ഇഞ്ചക്കലും ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ ആന്റോ വർക്കി കണ്ണാടനും ചേർന്ന് ഗോരഖ്പുർ രൂപതയിലെ പ്രേഷിത പ്രവർത്തനങ്ങൾക്കായുള്ള







The India Catholic Association of America, Inc
St. Mary's Syro-Malabar Catholic Church
Long Island, New York


The India Catholic Association of America, Inc
St. Mary's Syro-Malabar Catholic Church
Long Island, New York






The India Catholic Association of America, Inc






(Est 1979)
P O BOX 941, Tulip Ave
www.icaa
St. Mary's



ഒരു ലക്ഷം രൂപയുടെ ചെക്ക് ബിഷപ്പ് മാർ മാത്യു നെല്ലിക്കുന്നേലിനു കൈമാറി. കോട്ടയം, കുടമാളൂരിലുള്ള ‘‘അരികെ’’ പഠന സഹായ പദ്ധതിക്കായുള്ള ഒരുലക്ഷം രൂപയുടെ ചെക്ക് സെക്രട്ടറി ജെയിംസ് ഇളമ്പുരയിടവും വൈസ് പ്രസിഡന്റ് തോമസ് പ്രകാശും ട്രഷറർ ജോർജ് തോമസ്സും എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേർന്ന് സെന്റ് മേരീസ് പള്ളിവികാരി ഫാദർ ജോൺസ്റ്റി തച്ചാറയ്ക്കു കൈമാറി. അസോസിയേഷൻ മുൻ പ്രസിഡന്റും എക്സ് ഒഫീഷ്യോയുമായ റോയ് ആന്റണിയും ട്രസ്റ്റീ ബോർഡ് മെമ്പർമാരായ ജോസ് മലയിലും മേരി ഫിലിപ്പും കെ ജെ ഗ്രിഗറിയും കൂടി കുറവിലങ്ങാട്ടുള്ള അനുഗ്രഹ ചാരിറ്റബിൾ ട്രസ്റ്റിനുള്ള ഒരുലക്ഷം രൂപയുടെ ചെക്ക് പാറ്റഴ്സൺ പള്ളിവികാരി ഫാദർ സിമ്മി തോമസിനും കൈമാറി.

അസോസിയേഷൻ പ്രസിഡന്റ് എല്ലാവർക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു. കഴിഞ്ഞ ഒരു വർഷക്കാലമായി തുടർന്നു വരുന്ന ചാരിറ്റി പ്രവർത്തനങ്ങൾ വിവരിച്ചു. ഈസ്റ്റർ ആഘോഷ വേളയിൽ പ്രഖ്യാപിച്ച ഷംഷാബാദ് അതിരൂപതയിൽ പള്ളി പണിയുന്നതിനായി ആദ്യ ഗഡുവായി നാലായിരം ഡോളർ നൽകിയതും ചങ്ങനാശ്ശേരിയിലെ മേഴ്സി ഹോമിന് പുതിയ കെട്ടിട നിർമ്മിതിക്ക് സഹായമായി നാലു ലക്ഷം രൂപ നൽകിയത്തും കഴിഞ്ഞ അഞ്ചു വർഷങ്ങളായി പുനലൂരിലെ വിളക്കുടി സ്നേഹതീരത്തിന് രണ്ടു ലക്ഷം രൂപ നൽകിവരുന്നതും കോട്ടയത്തെ നവജീവൻ ട്രസ്റ്റിനുള്ള രണ്ടു ലക്ഷം രൂപ നൽകിയതും പ്രസിഡന്റ് അനുസ്മരിച്ചു. മുൻ പ്രസിഡന്റ് റോയ് ആന്റണിയുടെ നേതൃയത്വത്തിൽ കഴിഞ്ഞ വർഷം ആരംഭിച്ച രണ്ടു വീടുകളിൽ ഒന്നിന്റെ പണി പൂർത്തീകരിച്ചതും കുറവിലങ്ങാട്ടെ രണ്ടാമത്തെ ഭവനത്തിന്റെ പണി പൂർത്തിയായി കൊണ്ടുരിക്കുന്നതും സദസ്സിനെ അറിയിച്ചു.

തിരുനാളിനും പ്രദക്ഷിണത്തിനും സ്നേവിരുന്നിനും അ തോ ട നു ബ

സ്ഡിച്ചു നടന്ന യോഗത്തിനും അസോസിയേഷൻ സെക്രട്ടറി ജെയിംസ് ഇളമ്പുരയിടത്തിൽ, ട്രഷറർ ജോർജ് തോമസ്, വൈസ് പ്രസിഡന്റ് തോമസ് പ്രകാശ് , ജോയിന്റ് സെക്രട്ടറി മാത്യു ജോസഫ്, ബോർഡ് ഓഫ് ട്രസ്റ്റി അംഗങ്ങളായ കെ ജെ ഗ്രിഗറി, മേരി ഫിലിപ്പ്, ജോൺ കെ ജോർജ്, ജോസ് മലയിൽ, കമ്മറ്റി അംഗങ്ങളായ ടോണി നമ്പിയാപറമ്പിൽ, ബെഞ്ചമിൻ ജോസഫ്, പ്രിൻസ് ജോസഫ്, ഓഡിറ്റർമാരായ മേരിക്കുട്ടി മൈക്കിൾ, സ്വപ്ന മലയിൽ, സോണൽ ഡയറക്ടർമാരായ ജോർജ്കുട്ടി, ബാബു ജോസഫ്, അലോഷ്യസ് ആരുകാട്ടിൽ, ഷൈജു കളത്തിൽ , സിസിലി പഴേമ്പള്ളി, സെന്റ് മേരിസ് പള്ളി ട്രസ്റ്റിമാർ മാത്യു ചിറയത്ത്, സിറിൽ മണൂപറമ്പിൽ, തിരുനാൾ പ്രസുദെന്തിമാർ കമ്മറ്റി അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി. പ്രോഗ്രാം കോർഡിനിനേറ്റർ ജോസഫ് തോമസ് ഏവർക്കും നന്ദി അർപ്പിച്ചു .








#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123

# വെല്ലുവിളിയായി ഫിഫ റിപ്പോർട്ടിങ്; കളംനിറഞ്ഞ് മലയാളി പത്രക്കാർ




ടാജ് മാത്യു

കായിക ലോകത്തിന്റെ ഒരു മഹായുദ്ധം കൂടി അവസാനിച്ചു. ഫിഫ കപ്പിൽ മുത്തമിട്ട് സ്പെയിൻ. ബ്രസീലിനു ശേഷം തുടർച്ചയായ ലോക കിരീടമെന്ന അർജന്റീനിയൻ സ്വപ്നത്തിന് ന്യൂജഴ്സി മെറ്റ്ലൈഫ് സ്റ്റേഡിയത്തിൽ ചരമഗീതം. 48 രാജ്യങ്ങൾ മാറ്റുരച്ച കായികമേള കൺകുളിർക്കെ കണ്ട് നമ്മൾ ആസ്വദിച്ചു. സ്റ്റേഡിയത്തിൽ എത്താനാവാത്തവർ വീട്ടിലും വാച്ച് പാർട്ടികളിലും ടെലിവിഷനിലൂടെ പന്തടിയൊച്ചകളുടെ സ്പന്ദനങ്ങൾ അനുഭവിച്ചു. പിറ്റേന്നത്തെ പത്രങ്ങളിലൂടെ വിശകലനങ്ങൾ വായിച്ചു വിലയിരുത്തി. മൈതാനങ്ങളിൽ ഒന്നര മാസത്തോളം ഉരുണ്ട പന്ത് ഇനി നാലുവർഷത്തേക്കു നമ്മൾ മനസിൽ സൂക്ഷിക്കും. സ്പെയിൻ, പോർച്ചുഗൽ, മൊറോക്കോ എന്നീ രാജ്യങ്ങൾ ആതിഥേയത്വം വഹിക്കുന്ന ഇരുപത്തിനാലാം ഫിഫ വേൾഡ്കപ്പ് വരെ.

മൈതാനത്തെ ആരവങ്ങൾ കെട്ടടങ്ങിയെങ്കിലും മാധ്യമങ്ങളിലൂടെ നമ്മളറിഞ്ഞ സോക്കർ ജ്വരം കെടാതെ നിൽക്കുന്നു. അതിനായി പ്രവർത്തിച്ച മാധ്യമപ്രവർത്തകർക്കു നന്ദി. പ്രതിനിധീകരിക്കുന്ന സ്ഥാപനത്തിന്റെ മുന്നേറ്റത്തിനായിരുന്നു അവരുടെ അധ്വാനമെങ്കിലും അവർ ചേർന്നു നമുക്കു നൽകിയത് ഇനിയും രുചിച്ചു തീർന്നിട്ടില്ലാത്തൊരു കായികസദ്യയാണ്.

ഇക്കൂട്ടത്തിൽ മലയാളി മാധ്യമ പ്രവർത്തകരും ഉണ്ടായിരുന്നു. കേരളത്തിലെ വിവിധ മാധ്യമങ്ങളെ പ്രതിനിധീകരിക്കുന്നവർ. ഭൂഖണ്ഡങ്ങൾക്കപ്പുറത്തു നിന്ന് കേരളത്തിലിരിക്കുന്നവർക്ക് വേണ്ടി ഫിഫ ലോക കപ്പ് വിശേഷങ്ങൾ എത്തിച്ച ഈ മാധ്യമപ്രവർത്തകരെ ആദരിക്കാൻ അമേരിക്കൻ മലയാളി സമൂഹവും ഒത്തുചേർന്നു. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ന്യൂയോർക്ക് ചാപ്റ്ററും കെഎംസിസി ഫിഫ ഹെൽപ് ഡെസ്കും സംയുക്തമായി സംഘടിപ്പിച്ച ചടങ്ങ് എൽമോണ്ടിലെ കേരള സെന്ററിലാണ് ജൂലൈ 18 ന് നടന്നത്. ഫൈനലിന് തലേന്ന്. ഒന്നരമാസത്തോളം ഇവിടുണ്ടായിരുന്ന മാധ്യമ പ്രവർത്തകർക്കു നിരന്തരം സഹായങ്ങൾ എത്തിച്ചിരുന്ന കെഎംസിസി ഫിഫ ഹെൽപ്ഡെസ്കിന്റെ സേവനങ്ങളെ എത്ര പ്രകീർത്തിച്ചാലും മതിയാവില്ലെന്ന് മാധ്യമ പ്രവർത്തകർ ഒരേ ശബ്ദത്തിൽ പറഞ്ഞു.

മലയാള മനോരമയിൽ നിന്ന് എസ്.പി ശരത്, മാതൃഭൂമിയിൽ നിന്ന് ഹരിലാൽ രാജഗോപാൽ,




ന്യൂസ് 18 ചാനലിൽ നിന്ന് പ്രതാപ് നായർ, സുപ്രഭാതത്തിൽ നിന്നും ഹാരൂൺ റഷീദ്, ചന്ദ്രികയുടെ കമാൽ വരദൂർ എന്നിവരാണ് ചടങ്ങിൽ പങ്കെടുത്തത്.

കെഎംസിസി പ്രസിഡന്റ് യു.എ നസീർ, കെഎംസിസി യു.എസ്.എയുടെ ഫിഫ ഹെൽപ് ഡെസ്ക് ഡയറക്ടർമാരായ ഹനീഫ് എരഞ്ഞിക്കൽ, ഷാമിൽ, ജാവേദ്, ജൗഹർഷാ, ഷാമിക്, ഉവൈസ്, ഷംലിക് എന്നിവർ ആതിഥേയത്വം വഹിച്ചു. ഇന്ത്യ പ്രസ്ക്ലബ് ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ് സജി എബ്രഹാം, ട്രഷറർ ടാജ് മാത്യു, മുൻ നാഷണൽ പ്രസിഡന്റുമാരായ ജോർജ് ജോസഫ്, സുനിൽ ട്രൈസ്റ്റാർ എന്നിവർക്കായിരുന്നു സംഘാടക ചുമതല.

അതിവിശാലമായ അമേരിക്കയിലെ വിവിധ നഗരങ്ങളിലായുള്ള സ്റ്റേഡിയങ്ങളിൽ സമയത്തിന് എത്തുകയായിരുന്നു തങ്ങൾ നേരിട്ട ഏറ്റവും വലിയ വെല്ലുവിളിയെന്ന് മാധ്യമ പ്രവർത്തകർ അനുസ്മരിച്ചു. ഖത്തർ വേൾഡ്കപ്പിലാകട്ടെ സ്റ്റേഡിയങ്ങൾ അടുത്തടുത്തായിരുന്നു. മാത്രവുമല്ല പ്രാദേശിക ഗവണ്മെന്റ് തലത്തിൽ നിന്ന് കാര്യമായ സഹകരണവും കിട്ടിയില്ല. മറ്റു രാജ്യങ്ങളിൽ മെഗാ പരിപാടികൾ നടക്കുമ്പോൾ ഷട്ടിൽ സർവീസുകളും മറ്റു യാത്രാക്രമീകരണങ്ങളും ഒരുക്കാറുണ്ടായിരുന്നു. ഇവിടെ ഞങ്ങൾ തന്നെ എല്ലാം കണ്ടെത്തേണ്ട അവസ്ഥ. ന്യൂയോർക്കിലെ കളി കഴിഞ്ഞു പിറ്റേന്ന് ലോസ് ആഞ്ചലസിൽ എത്തേണ്ട ബുദ്ധിമുട്ടുകൾ ഊഹിക്കുക. അതുപോലെ പിറ്റേന്ന് മയാമിയിലേക്കോ അറ്റ്ലാന്റയിലേക്കോ... അതിവിശാല രാജ്യം നൽകുന്ന അതിബുദ്ധിമുട്ടുകൾ.. യാത്രാ സമയത്തിനൊപ്പം അതാതു സ്ഥാപനങ്ങളിലേക്ക് റിപ്പോർട്ടുകൾ ഫയൽ ചെയ്യുന്നതും ദുഷ്കരമായിരുന്നു. പക്ഷെ എല്ലാം ഒരുവിധത്തിൽ ഒപ്പിച്ചെടുത്തു.

ഇവിടെല്ലാം സഹായമായി നിന്നത് മലയാളി സുഹൃത്തുക്കളാണെന്ന് പറയാതെ വയ്യ. സ്വന്തം കുടുംബാംഗങ്ങളെ സഹായിക്കുന്ന പോലെയാണ് മലയാളികൾ സഹായം നൽകിയത്. ഏതു രാത്രിയിലും അവരുടെ വീടിന്റെ വാതിലുകൾ തുറന്നിട്ടു. ആവശ്യം പറഞ്ഞാൽ മൈലുകൾ ഓടിച്ചു സ്വന്തം വാഹനത്തിൽ കൊണ്ടുവിടാൻ പലരും തയാറായി.

മലയാളി സുഹൃത്തുക്കൾ ഒരുക്കിത്തന്ന ഭക്ഷണവും ഞങ്ങൾ ആസ്വദിച്ചു. ഒന്നര മാസത്തോളം അമേരിക്കൻ ഫുഡ് ആയിരിക്കും കഴിക്കേണ്ടി വരിക എന്നു കരുതിയ ഞങ്ങൾക്ക് നിത്യവും കേരള സദ്യയുടെ രുചി നുണരാനാണ് പറ്റിയത്. ഒരു നേരമെങ്കിലും അമേരിക്കൻ ഫുഡ് അനുഭവിക്കാൻ കഴിഞ്ഞെങ്കിൽ എന്ന് ആശിച്ചിട്ടു പോലുമുണ്ട്. അത്രയേറെ സഹകരണമായിരുന്നു മലയാളി കുടുംബങ്ങളിൽ നിന്ന്.

പത്രപ്രവർത്തകർക്കൊപ്പം ഒരു ലോക സഞ്ചാരിയും മീറ്റിംഗിൽ പങ്കെടുത്തിരുന്നു. കോഴിക്കോട് ഫറോക്കിൽ മൊസൈക് ബിസിനസ് നടത്തുന്ന യൂനുസ് സലിം പൊയിൽതൊടി. യാത്രാപാഷനായുള്ള യൂനുസ് ഇതുവരെ അറുപതിലേറെ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. അമേരിക്കയിൽ ആദ്യമാണ്. എ.ഐ പ്ലാറ്റുഫോമുകളായ ചാറ്റ് ജിപിടിയും ജമിനിയും ഉപയോഗിച്ചാണ് യാത്രകൾ ക്രമീകരിക്കുന്നത്. ഒരു ടൂർഗൈഡ് പോലെ എ.ഐ ടൂളുകൾ നമുക്ക് സഹായകമാവുന്നു. വായിലാണ് വഴി എന്നു പഴയ കാലത്തു പറയുന്നത് ഇപ്പോൾ എ.ഐയിലാണെന്നു മാറ്റിപ്പറഞ്ഞാൽ മതി. അത്രയേറെ സഹായകമാണ് ഇവ. സഹോദരനെ ബിസിനസ് ഏല്പിച്ചിട്ടാണ് യൂനുസിന്റെ യാത്രകൾ. പോകേണ്ട രാജ്യങ്ങളുടെ പട്ടിക ഇനിയും പൂർത്തിയാകാനുണ്ടെന്ന് യൂനുസ് പറഞ്ഞു.

വേൾഡ്കപ്പ് റിപ്പോർട്ടിങ് അസൈൻമെന്റ് ഭംഗിയായി നിർവഹിച്ച പത്ര പ്രവർത്തകർ തൊട്ടടുത്ത ദിവസങ്ങളിൽ നാട്ടിലേക്ക് മടങ്ങി. ഇനി കേരളത്തിലെ രാഷ്ട്രീയ, സാമൂഹിക ജീവിതത്തിലെ വിവരങ്ങൾ കോർത്തിണക്കും. സഞ്ചാരി യൂനുസ് ഇനി യെങ്ങോട്ടാണോ ആവോ.


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us